JULY
Vol. 7 Issue : 7
2020



# Bulletin

*Irinjalakuda Diocese*



"എന്റെ കർത്താവേ എന്റെ ദൈവമേ"
(യോഹന്നാൻ 20:28)

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്"
(മത്തായി 25 : 40)

Best Compliments from…

# SAHṚDAYA
## GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

## SAHṚDAYA
### COLLEGE OF ENGINEERING AND TECHNOLOGY
PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

**Courses Offered:**

**UG Courses :** BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),

**PG Courses :** MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

S-tech IDET
INNOVATION IS INVENTION

## SAHṚDAYA-*tech*
Vidyajyoti Complex, Irinjalakuda, Thrissur, Pin : 680121. Ph : 8289847600
E-mail : sahrdayatech@gmail.com. Website: www.sahrdayatech.org

**Courses Offered:**

Civil Service Coaching, Bank Test Coaching;
PSC Test Coaching, Parish Administration Software, Foundation Courses, BTech Tuition Classes.

www.sahrdayacas.ac.in
Apply Online

EVER TO EXCEL

## SAHṚDAYA
### COLLEGE OF ADVANCED STUDIES
P. B. NO. 18, KODAKARA, THRISSUR, 680684.
scasadmission@gmail.com; info@sahrdayacas.ac.in

ADMISSION ENQUIRY
9400063194
9400063195
4802713713
9497233713
8301089784

**UG & PG COURSES OFFERED**

B.Com Professional, B.Com Finance, B.Com Taxation, B.Com Banking, B.Com Computer Application, BBA Finance, B.A English, B.A Malayalam, B.Sc Physics, B.Sc Chemistry, B.Sc Mathematics, B.Sc Psychology, B.Sc Geology, B.Sc Computer Science, BCA, M.Sc Psychology, M.Sc Clinical Psychology, M.Sc Computer Science, M.Com Finance, M.A English.

**VALUE ADDED PROFESSIONAL PROGRAMMES**

CA, ACCA(UK), CPA(USA), CMA(USA), FINTECH(USA), CMA(INDIA), CS, AVIATION MANAGEMENT(IATA), CAT.

LEARN LEAD SERVE

## SAHṚDAYA
### INSTITUTE OF MANAGEMENT STUDIES
PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

**MBA @ SIMS Courses Offered:**

Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management

# 4th Death Anniversary

10th July 2020



# Bishop Mar James Pazhayattil

Memorial of a "Good Shepherd"
a Minion of the Sacred Heart of Jesus
who trusted in Divine
Providence and lived for others.

# Irinjalakuda Diocesan Bulletin

Vol.: 07 Issue: 07

JULY 2020

MY LORD, MY GOD

***Address:***
Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

***Phone:***
0480 2826820, 2826830

***Website & E-mail:***
www.irinjalakudadiocese.com
ijkbph@gmail.com

***Subscription:***
Monthly : ₹ 20.00
Annual : ₹ 200.00

## ഉള്ളടക്കം


| | | |
|---|---|---|
| 01 | ഇടയശബ്ദം | 06 |
| 02 | ഇടയലേഖനം - സഭാദിനം | 10 |
| 03 | വിജ്ഞാപനം | 17 |
| 04 | സർക്കുലർ | 19 |
| 05 | യുവജനദിനം | 24 |
| 06 | കച്ചേരിക്കാര്യങ്ങൾ | 27 |
| 07 | ബൈബിൾ അപ്പസ്തോലേറ്റ് | 26 |
| 08 | സെന്റ് പോൾസ് മൈനർ സെമിനാരി | 32 |
| 09 | ബ്ലസ് എ ഹോം | 33 |
| 10 | മതബോധനം | 34 |
| 11 | സി.എൽ.സി. | 35 |
| 12 | അവാർഡ് | 37 |
| 13 | കൈ.സി.വൈ.എം. | 38 |
| 14 | ഹൃദയ പാലിയേറ്റീവ് കെയർ | 39 |
| 15 | സിൽച്ചാർ മിഷൻ | 41 |
| 16 | ഇടയന്റെ ഇന്നലെകൾ | 43 |




മിശിഹായിൽ പ്രിയ സഹോദര വൈദിക സുഹൃത്തുക്കളെ, സ്നേഹമുള്ള സമർപ്പിതരെ, വാത്സല്യ അത്മായ സഹോദരങ്ങളെ,

ദുക്റാന തിരുനാളിന്റെ ഹൃദ്യമായ സ്നേഹാശംസകൾ പ്രാർത്ഥനാ പൂർവ്വം നേരുന്നു!

"നിങ്ങളുടെ എതിരാളികളിൽ നിന്നുണ്ടാകുന്ന യാതൊന്നിനെയും ഭയപ്പെടേണ്ട. ദൈവത്തിൽനിന്നുള്ള അടയാളമാണത്. അവർക്കു നാശത്തിന്റെയും നിങ്ങൾക്കു രക്ഷയുടെയും. ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല അവനുവേണ്ടി സഹിക്കുവാൻ കൂടിയുള്ള അനുഗ്രഹം അവനെപ്രതി നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു" (ഫിലി. 1,28).

ക്രിസ്തുവിൽ വിശ്വസിക്കുന്ന നമുക്കെല്ലാവർക്കും സഹിക്കുവാനുള്ള അനുഗ്രഹം വിശുദ്ധ കൂദാശകളിലൂടെ അനുദിനം ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. ക്രിസ്തീയ സഹനത്തെക്കുറിച്ചു വിശുദ്ധ പത്രോസ് ഓർമ്മിപ്പിക്കുന്നത് ഇപ്രകാരമാണ്, "പ്രിയപ്പെട്ടവരേ, നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ, അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്. ക്രിസ്തുവിൻെറ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ! അവൻെറ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും. ക്രിസ്തുവിൻെറ നാമം നിമിത്തം നിന്ദിക്കപ്പെട്ടാൽ നിങ്ങൾ ഭാഗ്യവാന്മാർ. എന്തെന്നാൽ, മഹത്വത്തിൻെറ ആത്മാവ്, അതായത് ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു. നിങ്ങളിലാരും തന്നെ കൊലപാതകിയോ മോഷ്ടാവോ ദുഷ്കർമിയോ പരദ്രോഹിയോ ആയി പീഡസഹിക്കാൻ ഇടയാകരുത്. ക്രിസ്ത്യാനി എന്ന നിലയിലാണ് ഒരുവൻ പീഡസഹിക്കുന്നതെങ്കിൽ അതിൽ അവൻ ലജ്ജിക്കാതിരിക്കട്ടെ. പിന്നെയോ, ക്രിസ്ത്യാനി എന്ന നാമത്തിൽ അഭിമാനിച്ചുകൊണ്ട് അവൻ ദൈവത്തെ മഹത്വപ്പെടുത്തട്ടെ" (1 പത്രോ. 14,12-16). ക്രിസ്തുവിൽ വിശ്വസിക്കുന്നവർ സഹനം രക്ഷാകരമാക്കി ക്രിസ്തുവിനെ പോലെ മഹത്വപ്പെടേണ്ടവരാണ്.

ഈ കാലഘട്ടത്തിൽ സഭ നേരിടുന്ന വെല്ലുവിളികളെയും ഈ വിധത്തിൽ തന്നെയാണ് കാണേണ്ടത്. നന്മ ചെയ്തിട്ട് സഹിക്കുന്നുവെങ്കിൽ അത് വീരോചിതവും മഹത്വത്തിലേക്കു നയിക്കപ്പെടുന്നതുമാണ്.

വളരെ ജാഗ്രതയോടും മുൻകരുതലോടുംകൂടെ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കെതിരെ നേരിടുന്ന വെല്ലുവിളികളെ കാണേണ്ടതും ഉൾക്കൊള്ളേണ്ടതുമാണ്. ഈ കാലഘട്ടത്തിൽ നടന്ന ചില ഒറ്റപ്പെട്ട സംഭവങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാലായിൽ ബി.വി.എം. ഹോളിക്രോസ് കോളേജിൽ വച്ച് യൂണിവേഴ്സിറ്റി പരീക്ഷയിൽ കോപ്പി അടിക്കുവാൻ ഇടയായ സംഭവത്തിന്റെ പിരിമുറുക്കത്തിൽ ആത്മഹത്യ ചെയ്ത പെൺകുട്ടിയുടെ സംഭവം വച്ച്കൊണ്ട് ക്രൈസ്തവ സഭയെ കുറ്റപ്പെടുത്തുവാനും വിധിക്കുവാനും പരിശ്രമിക്കുന്നവരുടെ രഹസ്യ അജണ്ട സഭയെ പീഡിപ്പിക്കുക എന്നല്ലാതെ മറ്റെന്താണ്. അധികാരികൾപോലും വിമർശകരോട് ചേർന്ന് സത്യത്തിനു എതിരെ പ്രതികരിക്കുമ്പോൾ ക്രിസ്തു ഓർമിപ്പിച്ചത് പോലെ "സർപ്പങ്ങളെപോലെ വിവേകികളും പ്രാവുകളെപോലെ നിഷ്കളങ്കരുമായി" വർത്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുകയാണ്.

പത്തനംതിട്ടയിൽ ഒരു സന്യാസർത്ഥിനി കിണറ്റിൽ വീണു മരിക്കാനിടയായപ്പോൾ ഈ സംഭവം അടിസ്ഥാനമാക്കി സഭയെ വിമർശിക്കുവാനും സന്യാസത്തെ അപഹസിക്കുവാനും ഇടയായതിന്റെയും പിന്നിലെ നിഗൂഢതന്ത്രം ഇതുതന്നെയല്ലേ. ഈശോ ഓർമ്മിപ്പിക്കുന്നതുപോലെ "എന്റെ നാമം മൂലം നിങ്ങൾ സർവ്വരാലും ദ്വേഷിക്കപ്പെടും. അവസാനംവരെ സഹിച്ചുനിൽക്കുന്നവൻ രക്ഷപെടും." തച്ചുടപറമ്പിലെ കോവിഡ് രോഗി മരണമടഞ്ഞപ്പോൾ മൃതസംസ്കാരത്തെ ചൊല്ലിയുണ്ടായ വിവാദം ഇടവകയിലെയും പരിസരത്തുമുള്ള ജനങ്ങളുടെ കൊറോണ വൈറസിന്റെ വ്യാപനത്തെ കുറിച്ചുള്ള ആശങ്കയും ഭീതിയുമാണ് എന്നറിഞ്ഞിട്ടും സഭയെയും സഭാധികാരികളെയും നിശിതമായി വിമർശിക്കാനും കുറ്റം വിധിക്കാനും മുതിരുന്നത് സഭക്കെതിരായുള്ള സൈബർ പീഡനത്തിന്റെ മറ്റൊരുവശമല്ലേ. ഈശോ പറഞ്ഞതുപോലെ "നിങ്ങൾക്ക് ഇടർച്ചയുണ്ടാകാതിരിക്കേണ്ടതിനാണ് ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞത്. അവർ നിങ്ങളെ സിനഗോഗുകളിൽനിന്നു പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു കരുതുന്ന സമയം വരുന്നു. അവർ പിതാവിനെയോ എന്നെയോ അറിഞ്ഞിട്ടില്ലാത്തതുകൊണ്ട് ഇതുചെയ്യും" (യോഹ. 16,2).

കൊറോണ വൈറസിന്റെ അനിയന്ത്രിതമായിട്ടുള്ള വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മരിച്ചവരെ അടക്കം ചെയ്യുമ്പോൾ പരിസരത്തുണ്ടാകുന്ന ജനങ്ങളുടെ ഭീതി ഒഴിവാക്കുവാൻ സഭ അനുവദിച്ചിട്ടുള്ള മൃതദേഹം ദഹിപ്പിക്കുവാനുള്ള സാധ്യതകളെകുറിച്ച് ചർച്ച നടത്തുമ്പോൾ അനാവശ്യമായിട്ടുള്ള വിവാദങ്ങൾ ഉണ്ടാക്കി വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്നത് സഭയോടുള്ള സ്നേഹം കൊണ്ടാകില്ല മറിച്ച് വ്യക്തിപരമായിട്ടുള്ള പ്രസിദ്ധിക്കോ സഭയെയും

സഭാവിശ്വാസത്തെയും നശിപ്പിക്കുവാനോ ആയിരിക്കും. ഈശോ ഓർമ്മിക്കുന്നു "അവർ നിങ്ങളെ ഏൽപ്പിച്ചു കൊടുക്കാൻ കൊണ്ടു പോകുമ്പോൾ എന്തു പറയണം എന്നു വിചാരിച്ച് ഉത്കണ്ഠാകുലരാ കേണ്ടാ. ആ സമയത്തു നിങ്ങൾക്കു ലഭിക്കുന്നതെന്തോ അതു സംസാരിക്കുവിൻ. നിങ്ങളല്ല, പരിശുദ്ധാത്മാവായിരിക്കും സംസാരി ക്കുക. സഹോദരൻ സഹോദരനെയും പിതാവു പുത്രനെയും മരണ ത്തിന് ഏൽപ്പിച്ചു കൊടുക്കും. മക്കൾ മാതാപിതാക്കന്മാരെ എതിർക്കു കയും അവരെ വധിക്കുകയും ചെയ്യും. എന്റെ നാമത്തെ പ്രതി നിങ്ങളെ എല്ലാവരും ദ്വേഷിക്കും. അവസാനംവരെ സഹിച്ചു നിൽക്കു ന്നവൻ രക്ഷ പ്രാപിക്കും" (മർക്കോ. 13:11-13).

വിവിധങ്ങളായിട്ടുള്ള സെക്ടുകൾ രൂപംകൊള്ളുന്നതും സഭയെ വിമർശിക്കുന്നതും സഭാമക്കളെ തെറ്റിദ്ധരിപ്പിച്ചു സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിപ്പിക്കുന്നതും ഈശോയോടുള്ള സ്നേഹത്തെപ്രതി എന്നതിനേക്കാൾ തിന്മയുടെ അവതാരവും സ്വാധീനവുമല്ലേ? "ഇതാ, ക്രിസ്തു ഇവിടെ അല്ലെങ്കിൽ അവിടെ എന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കരുത്. കാരണം, കള്ള ക്രിസ്തുമാരും വ്യാജപ്രവാച കൻമാരും പ്രത്യക്ഷപ്പെടുകയും സാധ്യമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട വരെപ്പോലും വഴിതെറ്റിക്കത്തക്കവിധം വലിയ അടയാളങ്ങളും അദ്ഭുത ങ്ങളും കാണിക്കുകയും ചെയ്യും." സഭയോടും ക്രിസ്തീയ വിശ്വാസ ത്തോടുമുള്ള അമിതമായ സ്നേഹമെന്നു തെറ്റിദ്ധരിപ്പിച്ചു പരിശുദ്ധ പിതാവിനെയും സഭയെയും കാലികമായിട്ടുള്ള പഠനങ്ങളെയും പാരമ്പര്യത്തെയും സഭയിൽ നിലവിലുള്ള ആചാരങ്ങളെയും അപകീർത്തിപ്പെടുത്താനും മറ്റുള്ളവരെകൂടെ തെറ്റിദ്ധരിപ്പിക്കുവാനും പരിശ്രമിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. ഓർക്കുക ഈശോ പറഞ്ഞ വാക്കുകൾ, "അന്ധരായ മാർഗ്ഗദർശികളേ, കൊതുകിനെ അരിച്ചു നീക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നവരാണു നിങ്ങൾ! കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും പുറംവെടിപ്പാക്കുന്നു; എന്നാൽ, അവയുടെ ഉള്ള് കവർച്ചയും ആർത്തിയുംകൊണ്ട് നിറഞ്ഞിരിക്കുന്നു. അന്ധനായ ഫരിസേയാ, പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും പുറംകൂടി ശുദ്ധിയാകാൻ വേണ്ടി ആദ്യമേ അകം ശുദ്ധിയാക്കുക."

സ്നേഹമുള്ളവരെ ക്രിസ്തു ശിരസായിട്ടുള്ള വിശ്വാസികളുടെ കൂട്ടായ്മയാണല്ലോ സഭ. ക്രിസ്തുവിനോടു കൂടെനിന്ന് നാം ദൈവത്തെ മഹത്വപ്പെടുത്തേണ്ടവരാണ്. ആത്മാവിനോട് ചേർന്ന് നാം കൂട്ടായ്മ യിൽ വർത്തിക്കേണ്ടിയിരിയ്ക്കുന്നു. ഈകൂട്ടായ്മയ്ക്ക് വിരുദ്ധമായ പഠനങ്ങളും ആരോപണങ്ങളും നേരിടുമ്പോൾ വിശ്വാസത്തെപ്രതി നിലപാടുകൾ എടുക്കുമ്പോൾ ഉണ്ടാകുന്ന സഹനങ്ങൾ സംയമന ത്തോടെ ഉൾകൊള്ളുവാൻ നമുക്ക് പരിശ്രമിക്കാം. സഭയോടും

സഭയുടെ ശിരസ്സായ ക്രിസ്തുവിനോടും ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തുവാൻ നൽകപ്പെടുന്ന നിർദ്ദേശങ്ങളും കല്പനകളും നമുക്ക് ശിരസാവഹിക്കാം. നമ്മുടെ വ്യക്തിപരമായ താല്പര്യങ്ങൾക്കുപരി ദൈവത്തിന്റെ മഹത്വവും സഹോദരങ്ങളുടെ നന്മയും ലക്ഷ്യമാക്കി പ്രവർത്തിക്കാം. ഈശോയുടെ പഠനങ്ങളെ അടിസ്ഥാനമാക്കി സഭയുടെ നിർദ്ദേശങ്ങൾക്കനുസരിച്ചു നിലപാടുകൾ എടുത്തുകൊണ്ടു സൈബർ ആക്രമണങ്ങളെ നമുക്ക് ചെറുക്കാം. തിന്മയെ ചെറുത്ത് തോൽപ്പിക്കാൻ, നന്മയെ സ്നേഹിക്കാൻ നമുക്ക് തയാറാകാം. സർവശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.



ഇരിങ്ങാലക്കുട — **മാർ പോളി കണ്ണൂക്കാടൻ**

02.07.2020 — ഇരിങ്ങാലക്കുട രൂപത മെത്രാൻ

---



## ധന്യൻ ജോസഫ്‌വിതയത്തിലച്ചന്റെ
## 56–ാം ചരമവാർഷികവും 155–ാം ജന്മദിനാനുസ്മരണവും

ധന്യൻ ജോസഫ് വിതയത്തിലച്ചന്റെ 56–ാം ചരമവാർഷികവും 155–ാം ജന്മദിനാനുസ്മരണവും ജൂലായ് 23–ാം തിയ്യതി വ്യാഴാഴ്ച ആ പുണ്യാത്മാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന കുഴിക്കാട്ടുശ്ശേരിയിലെ വി. മറിയം ത്രേസ്യതീർത്ഥകേന്ദ്രത്തിൽവച്ച് അനുസ്മരിക്കുന്നു. അതിനൊരുക്കമായുള്ള ദിവ്യബലിയർപ്പണവും പ്രത്യേക പ്രാർത്ഥനയും 14–ാം തിയ്യതി ചൊവ്വാഴ്ച ആരംഭിക്കുന്നു. പ്രസ്തുത തിരുക്കർമ്മങ്ങളുടെ തത്സമയ സംപ്രേഷണം ഉണ്ടായിരിക്കും. നവനാൾ ദിനങ്ങളിലെ തിരുക്കർമ്മങ്ങൾ രാവിലെ 8 മണിക്ക് ആരംഭിക്കുന്നു. 23–ാം തിയ്യതി 11 മണിക്ക് ആഘോഷമായ ദിവ്യബലിക്ക് ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ നേതൃത്വം നൽകുന്നു. തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച് പിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് നമുക്ക് അനുഗ്രഹം പ്രാപിക്കാം.

| *തിയ്യതി* | *ദിവ്യബലി സമയം* |
|---|---|
| 15.07.2020 | 11.00 a.m. |
| 18.07.2020 | 04.00 p.m. |
| 23.07.2020 | 11.00 a.m. |
| മറ്റുദിവസങ്ങളിൽ | 08.00 a.m. |

Youtube:https://www.youtube.com/stmariamthresia
Shekinah TVയിൽ തത്സമയസംപ്രേഷണം.

Prot. No. 0714/2020

# ഇടയലേഖനം
# സഭാദിനം - ജൂലൈ 3, 2020

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനമായ ജൂലൈ മൂന്ന് ഒരിക്കൽ കൂടി സമാഗതമാകുന്നു. ഈ ദിവസം നാം സീറോമലബാർ സഭാദിനമായും ആഘോഷിക്കുകയാണല്ലോ. ദുക്റാന തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ തിരുനാളാണ്. വിശ്വാസത്തിന്റെ കൈമാറ്റം വഴിയാണ് നാം മാർതോമാശ്ലീഹായോട് ബന്ധപ്പെട്ടിരിക്കുന്നതും അദ്ദേഹത്തെ നമ്മുടെ പിതാവായി മഹത്വപ്പെടുത്തുന്നതും. ഉത്ഥിതനായ ഈശോയുടെ തിരുവിലാവ് ദർശിച്ച തോമാശ്ലീഹായുടെ എന്റെ കർത്താവേ, എന്റെ ദൈവമേ (മാറ് വാലാഹ്) എന്ന ഉദീരണം സുവിശേഷങ്ങളിൽ ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനമായി നിലകൊള്ളുന്നു. കർത്താവേ, ദൈവമേ എന്ന രണ്ടുവിളികളും ഈശോയുടെ ദൈവത്വത്തെ സൂചിപ്പിക്കുന്നവയാണ്. മനുഷ്യനായി ജീവിച്ചു മരിച്ച് ഉത്ഥാനം ചെയ്ത ഈശോ ദൈവവുമാണ് എന്ന പ്രഖ്യാപനമാണ് തോമാശ്ലീഹ നടത്തിയത്. ഇതിനു സമാനമായ വി. പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം, നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു എന്നതായിരുന്നു. പത്രോസിന്റെ ഈ പ്രഖ്യാപനം കർത്താവിന്റെ പരസ്യജീവിതത്തിന്റെ മധ്യത്തിലായിരുന്നു; തോമാശ്ലീഹായുടേത് ഈശോയുടെ ഉത്ഥാനത്തിനുശേഷവും. ഉത്ഥാനശേഷം വി. പത്രോസ് നടത്തിയത് ഈശോയോടുള്ള സ്നേഹത്തിന്റെ പ്രഖ്യാപനമായിരുന്നു. ഈ സ്നേഹപ്രഖ്യാപനത്തിൽ ഉത്ഥിതനായ മിശിഹായിലുള്ള വി. പത്രോസിന്റെ പൂർണ്ണമായ വിശ്വാസസമർപ്പണവും ഉൾക്കൊണ്ടിരുന്നു. വിശ്വാസത്തിന്റെ സഫലീകരണമാണ് സ്നേഹം. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണു നമ്മെ രക്ഷിക്കുന്നതെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. തോമാശ്ലീഹായിലൂടെ കൈമാറിക്കിട്ടിയ വിശ്വാസം സ്നേഹത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുന്ന ഒരു സമൂഹമാണ്

നമ്മുടേത്. കൊറോണ ബാധയുടെ ഈ കാലത്ത് അതു കൂടുതൽ സജീവമാക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയിരിക്കുന്നു.

**ജീവിത നവീകരണം**

കൊറോണക്കാലം പല ജീവിത നവീകരണ സാധ്യതകളും നമുക്ക് തുറന്നു നൽകിയിട്ടുണ്ട്. കാലങ്ങളായി സഭ ചിന്തിച്ചുകൊണ്ടിരുന്നതും പലതലങ്ങളിൽ നിന്നും ഉന്നയിക്കപ്പെട്ടിരുന്നതുമായ ജീവിതലാളിത്യം സ്വീകരിക്കുവാനുള്ള ആവശ്യബോധം ഇന്ന് നമുക്കുണ്ടാകുന്നു. ഈ വർഷവും അടുത്ത വർഷങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം എല്ലാ തലങ്ങളിലും ചെലവു ചുരുക്കലിന്റെ കാലമായിരിക്കണം. ധൂർത്തും ആർഭാടവും നമ്മുടെ ജീവിതശൈലിയിൽ നിന്ന് അകലണം. ഉടനെ പുതിയ നിർമ്മാണപദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കണം. ഇടവകകളും സ്ഥാപനങ്ങളും തുടങ്ങിവച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സാവകാശം പൂർത്തിയാക്കിയാൽ മതി എന്ന സംയമന മനോഭാവം നമുക്കുണ്ടാകണം. നിർബന്ധിത പണപ്പിരിവുകൾ നടത്താതിരിക്കാൻ നമുക്കു തീരുമാനമെടുക്കാം. ഒരുവിധ സമ്മർദ്ദവുമില്ലാതെ ജനങ്ങൾ സ്വമേധയാ നൽകുന്ന നേർച്ചകളും സംഭാവനകളും മാത്രം വിനിയോഗിച്ചുകൊണ്ട് സഭാ കൂട്ടായ്മയുടെ ആവശ്യങ്ങൾ നമുക്കു നിർവ്വഹിക്കാം. സഭാശുശ്രൂഷകളുടെയും ധ്യാനപ്രസംഗങ്ങളുടെയും തിരുനാളുകളുടെയും ലക്ഷ്യം ധനസമ്പാദനമാണ് എന്ന തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പരസ്യങ്ങളും ആഘോഷങ്ങളും നമുക്കു നിറുത്തലാക്കാം. വ്യക്തിപരമായ നേട്ടങ്ങൾക്കും പ്രശസ്തിക്കും വേണ്ടി നിർമ്മാണങ്ങളും പരിപാടികളും ആസൂത്രണം ചെയ്യുന്നത് ഉചിതമല്ല. സഭയിലെ ആവശ്യങ്ങളുടെ നിർവ്വഹണം സഭാമക്കളുടെ കൂട്ടായ്മയുടെ പൊതുവായ ആത്മീയചിന്തയിൽനിന്ന് ഉയിർകൊള്ളുന്നതാകട്ടെ.

വ്യക്തികളും സഭാസംവിധാനങ്ങളും ആവശ്യത്തിൽ കവിഞ്ഞ സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കുന്ന പ്രവണത ഉപേക്ഷിക്കണം. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ സഭയുടെ മുഖം ദരിദ്രമാകട്ടെ. സഭ പാവപ്പെട്ടവരുടേതാകട്ടെ. സഭയുടെ സമ്പത്ത് ദൈവജനമാണ്. സഭയുടെ അത്യാവശ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി യഥാസമയം വേണ്ടത് നൽകുവാൻ തക്ക വിശ്വാസതീക്ഷ്ണത നമ്മുടെ സഭാമക്കൾക്കുണ്ട്. സഭ തങ്ങളുടേതാണെന്നും തങ്ങളാണ് സഭയെന്നും സഭാശുശ്രൂഷകരുടെ ന്യായമായ ആവശ്യങ്ങൾ നിർവഹിക്കുവാൻ തങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നും നമ്മുടെ ജനം മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയുടെ ശൈലി സഭയിൽ സംജാതമാകട്ടെ. ദൈവസ്നേഹപ്രേരിതമായ കാരുണ്യപ്രവർത്തനങ്ങളായിരിക്കണം സഭയുടെ

മുഖമുദ്ര. വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, സാമൂഹ്യ ക്ഷേമം എന്നീ മേഖലകളിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കാരുണ്യസ്പർശം കൊണ്ട് ഉത്തമ ക്രൈസ്തവസാക്ഷ്യങ്ങളായിത്തീരട്ടെ. കോവിഡു കാലത്ത് ഇടവകകളും സ്ഥാപനങ്ങളും രൂപതകളുടെ സാമൂഹ്യക്ഷേമ വിഭാഗങ്ങളും മറ്റ് സംഘടനകളും ചെയ്യുന്ന നിസ്തുലമായ സേവനങ്ങൾക്ക് ഞാൻ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**കൊറോണക്കാലത്തെ ആരാധനാകർമ്മങ്ങൾ**

2020 കോവിഡുവർഷമായി ലോകചരിത്രത്തിൽ അറിയപ്പെടുമെന്ന് തോന്നുന്നു. ഈ വർഷാവസാനംവരെയെങ്കിലും കൊറോണ വൈറസിന്റെ ആക്രമണം ലോകജനതയ്ക്കു നേരിടേണ്ടിവരും. അതിനാൽ രോഗത്തിന്റെ സമൂഹവ്യാപനം ഏതുവിധേനയും തടയേണ്ടത് മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. ഈ ഉത്തരവാദിത്വബോധം എല്ലാവരിലുമുണ്ടാകുവാൻ നാം കഠിനമായി പരിശ്രമിക്കണം. മനുഷ്യജീവിതത്തെ സാധാരണ ഗതിയിലാക്കിക്കൊണ്ടുതന്നെ രോഗനിയന്ത്രണം സാധിക്കുക എന്ന നയമാണ് ഈ രണ്ടാം ഘട്ടത്തിൽ രാജ്യങ്ങളെല്ലാം സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ രാജ്യവും ഇതേ സമീപനമാണല്ലോ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ, ലോക്ഡൗണിൽ ഇളവുകൾ ക്രമാനുഗതമായി നൽകപ്പെടുന്നു. വ്യാപാരസ്ഥാപനങ്ങൾ, ഫാക്ടറികൾ, സർക്കാർ ഓഫീസുകൾ മുതലായവ ഏതാണ്ട് പൂർണ്ണതോതിൽ തുറന്നു പ്രവർത്തിക്കുവാൻ ആരംഭിച്ചു. സ്വകാര്യ വാഹന ഗതാഗതം ഏറെക്കുറെ പൂർണ്ണതോതിൽ ആയി. നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണമില്ല. ജൂൺ 09 മുതൽ ആരാധനാലയങ്ങൾ തുറന്ന് പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നതിന് അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ, ഇളവുകളെല്ലാം അനുവദിക്കുമ്പോഴും രോഗവ്യാപനം തടയുന്നതിനുള്ള കർശനമായ നിബന്ധനകളും സർക്കാരുകൾ നൽകുന്നുണ്ട്. സഭാമക്കളായ നാമെല്ലാവരും അവയെല്ലാം കണിശമായി പാലിച്ച് രാജ്യത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധരാകണം.

ദൈവാലയത്തിലെ കർമ്മങ്ങൾക്ക് അനുമതി ലഭിച്ചുവെന്നതിന്റെ പേരിൽ എല്ലാവരും എപ്പോഴും ആരാധനാകർമ്മങ്ങളിൽ സംബന്ധിക്കുവാൻ തിടുക്കം കൂട്ടുന്നത് ഈ സാഹചര്യത്തിൽ ശരിയാകില്ല. ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്ന ദൈവാലയങ്ങൾക്ക് നിബന്ധനകൾ പാലിച്ചുകൊണ്ട് അതേ രീതി തുടരാം. ഇതുവരെയും ആരാധനാശുശ്രൂഷകൾ പുനരാരംഭിക്കാത്ത ദൈവാലയങ്ങളിൽ അവ തുടങ്ങുമ്പോഴും രോഗവ്യാപന നിയന്ത്രണത്തിനുവേണ്ട മുൻകരുതലുകൾ എടുത്തേ തീരൂ.

ഈ വിഷയത്തിൽ നമുക്ക് യാതൊരുവിധ ഉദാസീനതയും ഉണ്ടാകരുത്. രോഗവ്യാപനത്തിന്റെ പുതിയ സാധ്യതകൾ എവിടെയെങ്കിലുമുണ്ടെന്നറിഞ്ഞാൽ, ആരാധനാലയങ്ങൾ വീണ്ടും അടച്ചുകൊണ്ട് വൈദികരും ജനങ്ങളും ഉത്തരവാദിത്വബോധത്തോടെ പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതുസമൂഹം സാധാരണ ജീവിതശൈലിയിലേയ്ക്ക് വരുന്നതോടൊപ്പം സഭാമക്കളുടെ കൗദാശിക ജീവിതം ക്രമേണ സാധാരണഗതിയിലേയ്ക്ക് വരണമെന്നതാണ് നമ്മുടെ ലക്ഷ്യം.

**ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ**

ആത്മീയതയ്ക്കു വിരുദ്ധമായി നമ്മുടെ ജീവിതത്തിൽ കടന്നുകൂടിയ സമീപനങ്ങളെയും പ്രവർത്തനങ്ങളെയും ഉപേക്ഷിച്ചു സംശുദ്ധമായ ക്രൈസ്തവസാക്ഷ്യം നൽകുവാൻ കോവിഡു കാലത്തിന്റെ അനുഭവം നമ്മെ കൂടുതൽ പ്രേരിപ്പിക്കണം. സഭയിൽ നേതൃത്വശുശ്രൂഷയിലുള്ള വൈദികരും സമർപ്പിതരും അൽമായരും ശരിയായ ക്രൈസ്തവസാക്ഷ്യം നൽകുന്നതിൽ ദത്തശ്രദ്ധരായിരിക്കണം. ലോക്ഡൗൺ കാലത്ത് വീടുകളിൽ കഴിഞ്ഞിരുന്നതുകൊണ്ട് കൂടുതൽ വ്യക്തിപരമായി പ്രാർത്ഥിക്കുവാനും കുടുംബപ്രാർത്ഥന ക്രമമായി ചൊല്ലുവാനും ഏവർക്കും സാധിച്ചുവല്ലോ. ഓൺലൈൻ കുർബ്ബാനയർപ്പണങ്ങളിലും ഭക്തിപൂർവ്വം സംബന്ധിക്കുവാൻ സാധിച്ചു. ഈ പ്രാർത്ഥനാനുഭവത്തോടൊപ്പം കുട്ടികളുടെ വിശ്വാസപരിശീലനവും ഓൺലൈനിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. മുതിർന്നവർക്കും വിശ്വാസവിഷയങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാകുന്നതിന് ഈ അവസരത്തെ പ്രയോജനപ്പെടുത്താവുന്നതാണ്.

വിശ്വാസജീവിതത്തിന് നിരക്കാത്ത എല്ലാ പ്രവണതകളെയും നമ്മിൽ നിന്ന് അകറ്റുവാൻ പരിശ്രമിക്കാം. മദ്യപാനം, ലഹരി മരുന്നുകളുടെ ഉപയോഗം, മനുഷ്യജീവന് എതിരെയുള്ള അക്രമങ്ങൾ, സാമൂഹ്യ മാധ്യമങ്ങളിലൂടെയും അല്ലാതെയും മറ്റുള്ളവരുടെ സ്വകാര്യതയ്ക്കെതിരെയുള്ള കടന്നുകയറ്റം, ഇതരർക്ക് അപകീർത്തി വരുത്തുന്ന പ്രചരണങ്ങൾ, ലൈംഗികതയുടെ എല്ലാത്തരത്തിലുമുള്ള ദുരുപയോഗം മുതലായ തിന്മകൾക്കു വിധേയരാകാതിരിക്കാൻ നാം ജാഗ്രത പാലിക്കണം. നന്മയിൽ കൂടുതൽ വളരുന്നതുവഴിയാണ് തിന്മയെ അതിജീവിക്കുവാൻ സാധിക്കുന്നത്. സംശുദ്ധമായ സ്നേഹവും കാരുണ്യവും നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും വളർത്തിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം. ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ കഴിയുന്നിടത്തോളം

സഹായിക്കാം. പ്രവാസികൾ ഇപ്പോഴും നാട്ടിലേയ്ക്ക് തിരിച്ചുവന്നു കൊണ്ടിരിക്കുകയാണല്ലോ. അവർക്ക് ആവശ്യകമായ സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുവാൻ സർക്കാരിനോടൊപ്പം നാം സന്നദ്ധരാകണം. പ്രവാസികളുടെ മക്കൾക്ക് ആവശ്യകമായ സ്കൂൾ-കലാലയ വിദ്യാഭ്യാസ സൗകര്യങ്ങൾ കഴിവതും ഏർപ്പെടുത്തി ക്കൊടുക്കുവാൻ സഭാസ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

വംശീയ വിവേചനം ഇന്ന് സമൂഹത്തിൽ ഭിന്നതകൾ സൃഷ്ടിക്കു ന്നുണ്ട്. എക്കാലത്തുമുണ്ടായിരുന്ന ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ ലോകരാഷ്ട്രങ്ങൾക്കു സാധിച്ചിരുന്നതാണ്. എന്നാൽ അടുത്ത കാലത്ത് അതു വീണ്ടും പലപല രീതികളിൽ രംഗപ്രവേശം ചെയ്യുന്നതായിട്ട് കാണുന്നു. മനുഷ്യത്വത്തിന് നിരക്കാത്ത ഈ തിന്മയെ പൂർണ്ണമായും ഇല്ലായ്മ ചെയ്യേണ്ടത് ലോക ജനതയുടെ സംസ്കാരികോന്നമനത്തിന് ആവശ്യകമാണ്. ക്രൈസ്ത വരായ നമ്മെ സംബന്ധിച്ചിടത്തോളം വംശീയ വിവേചനം നമ്മുടെ വിശ്വാസത്തിന് കടകവിരുദ്ധമാണ്. യഹൂദരെയും ഗ്രീക്കുകാരെയും സമറിയാക്കാരെയുമെല്ലാം ദേശീയ, വംശീയ വ്യത്യാസങ്ങൾ ഒന്നും കൂടാതെ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോ ദരന്മാരായി കണ്ടാണ് ഈശോ ജീവിച്ചതും പ്രസംഗിച്ചതും പഠിപ്പിച്ച തും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ഈശോമിശിഹായിൽ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ. 3:28). അതിനാൽ, നമ്മിൽ നിന്ന് വംശീയ വിവേചനത്തിന്റെ ചിന്തകളോ സംസാരമോ പ്രവൃത്തികളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തണം. എല്ലാ മനുഷ്യരെയും സഹോദരീസഹോദരന്മാരായി കണ്ട്, സഭയിലും സമൂഹ ത്തിലും കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു സംസ്കാരം നാം വളർത്തി യെടുക്കണം.

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ സാമൂഹിക മാനങ്ങളെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. കൊറോണക്കാലത്തും അതിനുശേഷം വരുന്ന വർഷങ്ങളിലും നാം ഉൽപ്പാദകരാകണം. വ്യക്തിപരമായും കുടുംബങ്ങളായും സമൂഹമായും നമ്മളാൽ കഴിയും വിധം രാജ്യത്തിന്റെ സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻ പരിശ്രമിക്കണം. കൃഷിയാണ് പ്രഥമത പരിഗണനയർഹിക്കുന്നത്. വ്യക്തികളുടെയോ ഇടവകകളുടെയോ സ്ഥാപനങ്ങളുടെയോ രൂപതകളുടെയോ കൈവശ മുള്ള എല്ലാ സ്ഥലങ്ങളിലും കൃഷിചെയ്യണം. ഒരിഞ്ചു കൃഷിഭൂമി

പോലും തരിശായി കിടക്കാൻ ഇടയാകരുത്. വൈദികർ ഉൾപ്പെടെ ദൈവജനം മുഴുവനും കൃഷിപ്പണികൾക്കായി കുറെ സമയം കണ്ടെത്തണം. ഐക്യരാഷ്ട്ര സംഘടനയുടെ മുന്നറിയിപ്പു പ്രകാരം കഴിഞ്ഞ 50 വർഷങ്ങളിൽ അനുഭവപ്പെട്ടതിലും വലിയ ഒരു ക്ഷാമം ലോകം നേരിടാൻ പോവുകയാണ്. കേരളത്തിൽ ഉൽപദിപ്പിക്കുന്നവ കൊണ്ടുതന്നെ നമുക്ക് ഭക്ഷിക്കാൻ വേണ്ടവ ലഭിക്കുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഫ്ളാറ്റുകളിലും മറ്റും താമസിക്കുന്നവർക്കുപോലും ഗ്രോബാഗുകളിലും ടെറസുകളിലും കൃഷി ചെയ്യാവുന്നതാണല്ലോ. ഇടവകകളുടെയും അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ വിപണികൾ തുറന്ന് കാർഷിക വിളകൾ ന്യായവിലയ്ക്കു എല്ലാവർക്കും ലഭ്യമാക്കുവാൻ പരിശ്രമിക്കുന്നത് കൃഷിക്കാരുടെ അഭിവൃദ്ധിക്ക് ഉപകരിക്കും. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം, നമ്മുടെ രാജ്യ ങ്ങളിലും ഇതരരാജ്യങ്ങളിലും വിൽപനസാധ്യതയുള്ള വിളകളി ലേയ്ക്ക് നാം കൃഷി തിരിച്ചുവിടണം. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസും അതോടൊപ്പം ഇൻഫാമും കൃഷിയുടെ രംഗത്ത് ജനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ആവശ്യമായ പദ്ധതി കൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത് നന്നായിരിക്കും. ചെറു കിട വ്യവസായങ്ങളുടെയും ഫാക്ടറികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ അവയുടെ ഉടമസ്ഥർ തീവ്രമായി പരിശ്രമിക്കണം.

കോവിഡ് കാലത്ത് വന്ന സാമ്പത്തിക മാന്ദ്യം അതിജീവിക്കുവാൻ മേൽപ്പറഞ്ഞ അക്ഷീണ പരിശ്രമങ്ങൾ കൂടിയേ തീരു. അതോടൊപ്പം, കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുന്നോട്ട് വയ്ക്കുന്ന കോവിഡാനന്തര സാമ്പത്തികോന്നമന പ്രവർത്തനങ്ങൾക്ക് നമുക്ക് പൂർണ്ണസഹകരണം നൽകാം. ഒരു ജനാധിപത്യ രാജ്യമെന്നനിലയിൽ പൊതുസമൂഹത്തിൽ ഉണ്ടാകാവുന്ന അഴിമതിക്കും ചൂഷണത്തിനുമെതിരെ നാമെല്ലാവരും ജാഗരൂകതയോടെ വർത്തിക്കണം. ആരും ആരെയും ചൂഷണം ചെയ്യുന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ അനുവദിച്ചുകൂടാ. അത്തരം അനീതിപരമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നറിഞ്ഞാൽ പൊതുമനസാക്ഷിയെ തട്ടിയുണർത്തി അവയെ ഉന്മൂലനം ചെയ്യുവാൻ ജനാധിപത്യപരമായ നടപടികൾ നാം സ്വീകരിക്കണം.

ഈ ചിന്തകളെല്ലാം ക്രൈസ്തവ ജീവിതത്തിനു പുതിയൊരു രൂപവും ഭാവവും നൽകുവാൻ ഈ കാലഘട്ടത്തിൽ നമ്മെ സഹായിക്കു മെന്നു കരുതുന്നു. നമ്മുടെ ആദ്ധ്യാത്മികതയുടെ ആന്തരികതലങ്ങളും വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ തലങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സുവിശേഷമൂല്യങ്ങൾക്ക്

അനുസൃതമാക്കാൻ കോവിഡുകാലത്തും കോവിഡാനന്തരകാലത്തും തീവ്രമായി പരിശ്രമിക്കാം. മിശിഹായുടെ മുഖം നമ്മുടെ സഭാജീവിതത്തിലൂടെ സമൂഹത്തിൽ പ്രകാശിതമാക്കാം. വി. തോമാശ്ലീഹായെപ്പോലെ ദൈവവും മനുഷ്യനുമായ ഈശോമിശിഹായിൽ നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ച് സഭയുടെയും സമൂഹത്തിന്റെയും സമുദ്ധാരണത്തിൽ നമുക്ക് പങ്കുചേരാം.

ദൈവമേ സ്തുതി! ഈശോയേ സ്തുതി! പരിശുദ്ധാത്മാവേ സ്തുതി!

എല്ലാവർക്കും ദുക്റാനാതിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജൂൺ മാസം 17-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

**NB:** ഈ ഇടയലേഖനം 2020 ജൂൺ 28 - ാം തീയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ വായിക്കാൻ നൽകപ്പെട്ടത്. വി. കുർബ്ബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് സൗകര്യപ്രദമായ രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കുമല്ലോ.




**രൂപതയുടെ സഹമദ്ധ്യസ്ഥനായ മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആശംസകൾ**

പ്രിയമുള്ള സഹോദര വൈദികരെ സമർപ്പിതരെ, അത്മായ സഹോദരങ്ങളെ, ഏവർക്കും ദുക്റാന തിരുനാളിന്റെ സ്നേഹാശംസകൾ നേരുന്നു. ഈ വർഷത്തെ ദുക്റാന തിരുനാൾ 2020 ജൂലൈ 3 വെള്ളിയാഴ്ചയാണല്ലോ. ഞായറാഴ്ചകളും കടമുള്ള തിരുനാൾ ദിനങ്ങളും മാംസവർജന ദിവസങ്ങളല്ലാത്തതിനാൽ ജൂലൈ 3 വെള്ളിയാഴ്ച നമ്മുടെ രൂപതയിൽ ദൈവജനത്തെ മാംസവർജ്ജനത്തിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.

*പ്രാർത്ഥനാശംസകളോടെ,*

**ബിഷപ്പ് പോളി കണ്ണൂക്കാടൻ**

## വിജ്ഞാപനം

685/20
02.07.2020

### കോവിഡ്19 രോഗം മൂലം മരിക്കുന്നവരുടെ മൃതസംസ്കാരം

മിശിഹായിൽ പ്രിയ സഹോദര വൈദികരെ, സ്നേഹമുള്ള സമർപ്പിതരെ, അത്മായ സഹോദരങ്ങളെ,

കൊറോണ വൈറസിന്റെ വ്യാപനം അനിയന്ത്രിതമായി തുടരുകയും കോവിഡ് രോഗികളുടെ എണ്ണം കേരളത്തിൽ വർദ്ധിക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ തുടർന്നും നിരന്തരം പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആരാധനാലയങ്ങൾ തുറന്ന് ജനപങ്കാളിത്തത്തോടെ കുർബ്ബാനയർപ്പിക്കുവാൻ അനുവദിക്കപ്പെട്ടിരിക്കുന്നത് വലിയ ദൈവകൃപയായി മനസ്സിലാക്കുന്നു. എന്നാൽ, നൽകപ്പെട്ട ജാഗ്രത നിർദ്ദേശങ്ങളും ആരോഗ്യവകുപ്പ് നൽകിയിട്ടുള്ള മുൻകരുതലുകളും കൃത്യമായി പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന കാര്യം വീണ്ടും ഓർമ്മിപ്പിക്കുന്നു.

കോവിഡ് രോഗം മൂലം ആരെങ്കിലും മരിക്കുവാൻ ഇടയായാൽ അവരുടെ മൃതദേഹസംസ്കാരം വളരെ അനുഭാവത്തോടെ ഇടവക സെമിത്തേരിയിൽ നടത്തുവാൻ വികാരിയച്ചനും കൈക്കാരന്മാരും ഇടവക ജനം മുഴുവനും നേതൃത്വം നൽകേണ്ടതാണ്. ഇതെക്കുറിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്:

1. കോവിഡ് രോഗം മൂലം മരണമടഞ്ഞവരുടെ മൃതസംസ്കാര കർമ്മങ്ങൾ നടത്തുമ്പോൾ സർക്കാർ, ആരോഗ്യവകുപ്പ്, ജില്ല അധികാരികൾ, പോലീസ്, തദ്ദേശസ്വയംഭരണാധികാരികൾ എന്നിവരുടെ മുൻകരുതൽ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പാലിക്കണം.
2. മൃതദേഹം മറവു ചെയ്യുമ്പോൾ സെമിത്തേരിയിൽ സിവിൽ അധികാരികളുടെ നിർദ്ദേശങ്ങൾക്കനുസൃതമായ രീതിയിലുള്ള കുഴി എടുത്ത് മൃതദേഹം സംസ്കരിക്കേണ്ടതാണ്. ഓരോ ഇടവകാംഗത്തിനും അർഹതപ്പെട്ടതാണ് സെമിത്തേരിയിൽ അടക്കപ്പെടുക എന്നത്.
3. സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കുവാൻ സൗകര്യമില്ലാത്തിടത്ത് സിവിൽ അധികാരികളുടെ നിർദ്ദേശപ്രകാരം ഇടവക പള്ളിയുടെ പറമ്പിൽ സൗകര്യമുള്ള സ്ഥലത്ത് അടക്കം ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു. നിശ്ചിത കാലാവധി കഴിയുമ്പോൾ

പ്രസ്തുത സ്ഥലത്തുനിന്നും ഭൗതികാവ ശിഷ്ടങ്ങൾ എടുത്തു സെമിത്തേരിയിലേക്ക് മാറ്റേണ്ടതാണ്.

4. കൊറോണ വൈറസിന്റെ അനിയന്ത്രിതമായ വ്യാപനത്തിന്റെ പശ്ചാത്തലത്തിലും ജനങ്ങളുടെ അമിതമായ ഭീതിയുടെ അന്തരീക്ഷത്തിലും സെമിത്തേരികളിൽ സ്ഥലസൗകര്യങ്ങളുടെ അഭാവത്തിലും മൃതദേഹം ദഹിപ്പിക്കുവാൻ ഏറ്റവും അടുത്ത ബന്ധുക്കൾ രേഖാമൂലം സമ്മതം നൽകുകയോ സ്വന്തം മരണപത്രത്തിൽ സമ്മതം രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അനുവദിക്കാവുന്നതാണ്. ദഹിപ്പിച്ചതിനു ശേഷം ഭസ്മം മൃതസംസ്കാരകർമ്മങ്ങളോടെ സെമിത്തേരിയിൽ അടക്കം ചെയ്യേണ്ടതാണ്.

5. സ്വന്തമായ സെമിത്തേരിയില്ലാത്ത ഇടവകകൾ നിലവിൽ മൃതദേഹം അടക്കം ചെയ്യുന്ന സ്ഥലത്തുള്ള പള്ളിയുടെ സെമിത്തേരിയിൽതന്നെ അടക്കം ചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ ഇടവകജനത്തെ സൗകര്യപ്രദമായ രീതിയിൽ അറിയിച്ച് നടപ്പിൽ വരുത്തുവാൻ വികാരിയച്ചന്മാരും കൈക്കാരന്മാരും ശ്രദ്ധിക്കുമല്ലോ.

ഇരിങ്ങാലക്കുട | **മാർ പോളി കണ്ണൂക്കാടൻ**
02.07.2020 | ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

**അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ നാലാം ചരമ വാർഷികം – ജൂലൈ 10 വെള്ളി**

- മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ നാലാം ചരമ വാർഷികദിനത്തോടനുബന്ധിച്ച് ജൂലൈ 10-ാം തിയ്യതി വെള്ളിയാഴ്ച എല്ലാ ഇടവകകളിലും പിതാവിന്റെ അനുസ്മരണാർത്ഥം വി. കുർബ്ബാനയും ഒപ്പീസും.
- അന്നേദിവസം രൂപതയുടെ വിവിധ തലങ്ങളിലുള്ള പ്രതിനിധികളെ മാത്രം ഉൾപ്പെടുത്തി ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് വൈകീട്ട് 5 മണിക്ക് അനുസ്മരണ ദിവ്യബലിയും തുടർന്ന് കബറിടത്തിൽ പ്രത്യേക പ്രാർത്ഥനയും.

**NB :** *പങ്കെടുക്കേണ്ട പ്രതിനിധികൾക്ക് പ്രത്യേകം അറിയിപ്പ് നൽകുന്നതായിരിക്കും.*

564/20
07.06.2020

# സർക്കുലർ

## കോവിഡ്19 : ദേവാലയങ്ങളിൽ തിരുകർമ്മങ്ങൾ സജീവമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ

**അനർത്ഥകാലത്ത് ഞാൻ അങ്ങയെ വിളിക്കുന്നു; കർത്താവ് എനിക്ക് ഉത്തരമരുളുന്നു** (സങ്കീ. 86:7)

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളെ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യ സഹോദരീ സഹോദരന്മാരേ,

ഇരിങ്ങാലക്കുട രൂപതാഭവനത്തിൽനിന്നും സ്നേഹാശംസകൾ നേരുന്നു. കോവിഡ്19ന്റെ ലോക്ഡൗൺ ഇളവുകൾ 2020 ജൂൺ 8-ാം തിയ്യതി തിങ്കളാഴ്ച മുതൽ ആരാധനാലയങ്ങൾക്ക് അനുവദിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും നൽകിയ നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ ജൂൺ ആറാം തിയ്യതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 3 മണിയ്ക്ക് രൂപതാഭവനത്തിൽ വച്ചു നടത്തിയ കൂരിയ അംഗങ്ങളുടേയും, ആലോചന സമിതി അംഗങ്ങളുടേയും, ഫൊറോന വികാരിമാരുടേയും സംയുക്ത സമ്മേളനത്തിൽനിന്നും ഉരുതിരിഞ്ഞ ആശയങ്ങളുടെ വെളിച്ചത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ അറിയിക്കുന്നു. കൊറോണ വൈറസിന്റെ വ്യാപനം നിയന്ത്രിക്കപ്പെടുന്നതിന് വേണ്ടി, വി. കുർബ്ബാനയും മറ്റു തിരുകർമ്മങ്ങളും പൊതുജനങ്ങൾക്കായി പുനഃരാരംഭിക്കുമ്പോൾ, സർക്കാർ മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വി. കുർബ്ബാനയിൽ പങ്കെടുക്കുവാൻ അതീവ താത്പര്യമുള്ളവർക്കുവേണ്ടി മാത്രം ഇപ്പോൾ ക്രമീകരണങ്ങൾ നടത്തിയാൽ മതി. വൈറസിന്റെ വ്യാപനത്തോടനുബന്ധിച്ചുള്ള സാഹചര്യത്തിൽ ആരെയും നിർബന്ധിക്കുവാൻ ഇടവരരുത്. ഓരോരുത്തരും അവരവരുടെ പൂർണ്ണതാത്പര്യത്തോടെ മാത്രമെ തിരുകർമ്മങ്ങളിൽ പങ്കെടുക്കേണ്ടതുള്ളൂ.

1. കോവിഡ്19ന്റെ ഭാഗമായുള്ള ലോക്ഡൗൺ കാലഘട്ടത്തിൽ 75 ദിവസങ്ങൾ കഴിഞ്ഞതിനുശേഷം ആരാധനാലയങ്ങൾ സജീവമാകുമ്പോൾ 2020 ജൂൺ 8-ാം തിയ്യതിയിലെ ശുചീകരണ ദിനത്തിന്റെ ഭാഗമായി നമ്മുടെ ദൈവാലയങ്ങളും പരിസരവും അണുനശീകരണം നടത്തി അണുവിമുക്തമാക്കേണ്ടതാണ്. അതിനുശേഷം ജൂൺ 9-ാം തിയ്യതി മുതൽ ദൈവാലയങ്ങളിൽ അതീവ ജാഗ്രത പുലർത്തി വി. കുർബ്ബാന പുനഃരാരംഭിക്കാവുന്നതാണ്. അതുപോലെ, തുടർന്നും ശുചീകരണവും അണുനശീകരണവും നടത്തി കൊറോണ വൈറസിന്റ വ്യാപനം തടയാൻ ശ്രദ്ധിക്കുമല്ലോ.

2. ലോക്ഡൗൺ ഇളവുകൾ അനുവദിച്ചുകൊണ്ട് ആരാധനാലയങ്ങൾ തുറക്കുന്നതിന് ഗവൺമെന്റ് പുറത്തിറക്കിയ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ മതപരമായ ഒത്തുകൂടലുകളിൽ പങ്കെടുക്കുന്നവർ ആറ് അടി അകലത്തിൽ നിൽക്കേണ്ടതാണ്. ആരാധനാലയം എത്ര വലുതാണെങ്കിലും ഒരേ സമയം 100 പേരിൽ കൂടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. വി. കുർബ്ബാനയിലും മറ്റു തിരുകർമ്മങ്ങളിലും സംബന്ധിക്കുന്നവരുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനായി ബഹു. വികാരിയച്ചന്മാർ ഓരോ ഇടവകയിലേയും സാഹചര്യം പഠിച്ച് ഇടവകാംഗങ്ങളുടെ ഉത്തരവാദിത്വപൂർണ്ണമായ സഹകരണത്തോടെ എല്ലാ ഒത്തുചേരലുകളിലും വ്യക്തികൾ തമ്മിൽ ആറ് അടി അകലം എന്ന സർക്കാരിന്റെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

3. വി. കുർബ്ബാനയ്ക്കിടയിൽ വിശുദ്ധ കുർബ്ബാന നൽകേണ്ടതില്ല. കുർബ്ബാന സ്വീകരിക്കാത്ത വിശ്വാസികൾ സമാപന ആശീർവ്വാദത്തിനു ശേഷം ദൈവാലയത്തിൽനിന്ന് പുറത്തേക്ക് പോകുവാൻ അനുവദിക്കേണ്ടതാണ്. അവർ പോയതിനുശേഷം കാർമ്മികൻ സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകി (വൈദികൻ കൈയുറ ധരിക്കാതെ) കൃത്യമായ സാമൂഹിക അകലം പാലിച്ചുകൊണ്ട് വരിയായി വരുന്ന വളരെ ആഗ്രഹമുള്ളവർക്ക് മാത്രം കൈയിൽ വി. കുർബ്ബാന നൽകാവുന്നതാണ്.

4. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, 65 വയസ്സിനു മുകളിലുള്ളവർ, 10 വയസ്സിനു താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, രോഗികൾ, രോഗലക്ഷണമുള്ളവർ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയവരെ തിരുകർമ്മങ്ങളിൽനിന്ന് ഒഴിവാക്കേണ്ടതാണ്.

   കോവിഡിന്റെ ഈ പ്രത്യേക സാഹചര്യത്തിൽ പ്രായനിബന്ധന പുരോഹിതർക്കും ബാധകമാകയാൽ പൊതുവായ അനുവാദം ലഭിക്കുന്നതുവരെ പൊതുജനങ്ങൾ പങ്കെടുക്കുന്ന വി. കുർബ്ബാനയുടെയും മറ്റ് തിരുകർമ്മങ്ങളുടേയും കാർമ്മികത്വത്തിൽനിന്നും 65 വയസ്സിനു മുകളിൽ പ്രായമായ വൈദികർ ഒഴിഞ്ഞു നിൽക്കേണ്ടതാണ്. അത്തരം സന്ദർഭങ്ങളിൽ ഇടവക ദൈവാലയങ്ങളിൽ വി. കുർബ്ബാന അർപ്പിക്കുന്നതിന് വേണ്ടതായ ക്രമീകരണങ്ങൾ രൂപതാഭവനത്തിൽ നിന്ന് നടത്തുന്നതാണ്.

5. 2020 ജൂൺ 9 ചൊവ്വാഴ്ച മുതൽ ആരാധനാലയങ്ങൾ തുറന്ന് വി. കുർബ്ബാന പുനഃരാരംഭിക്കുന്നതുമുതൽ സാമൂഹ്യ മാധ്യമങ്ങളിലൂടെയും ചാനലുകളിലൂടെയും നടത്തപ്പെടുന്ന live streaming സംപ്രേഷണങ്ങൾ നിറുത്തലാക്കേണ്ടതാണ്.

6. എല്ലാ തിരുകർമ്മങ്ങൾക്കും ദൈവാലയത്തിലേക്ക് പ്രവേശിക്കുന്നതിനും പുറത്തുപോകുന്നതിനും പ്രത്യേകം വഴി (വാതിൽ) നിശ്ചയിക്കേണ്ടതാണ്. പ്രവേശന കവാടങ്ങളിൽ സാനിറ്റൈസറുകളുപയോഗിച്ച് കൈകൾ വൃത്തിയാക്കുന്നതിനോ സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകുന്നതിനോ സൗകര്യം ഒരുക്കേണ്ടതുണ്ട്. ചെരിപ്പുകൾ അകത്തു കടത്താതെയും പുറത്ത് അവ കൂടിക്കലരാതെയും നിശ്ചിത അകലത്തിൽ സൂക്ഷിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തണം.

7. തിരുകർമ്മങ്ങളിൽ പങ്കുചേരുന്നവർ എല്ലാവരും മുഖാവരണം അണിഞ്ഞിട്ടുണ്ടെന്നുള്ള കാര്യം ഉറപ്പുവരുത്തണം. വി. കുർബ്ബാന മദ്ധ്യേ പരസ്പരം സ്തുതി ചൊല്ലുമ്പോൾ സ്പർശിക്കാതെ സാമൂഹ്യ അകലം പാലിച്ച് നിർവ്വഹിക്കണം. ദൈവാലയത്തിനകത്ത് ആയിരിക്കുമ്പോഴും ദൈവാലയ പരിസരങ്ങളിൽ സംസാരിക്കുമ്പോഴും കൂട്ടം ചേരൽ ഒഴിവാക്കി സാമൂഹ്യ അകലം പാലിക്കേണ്ടതാണ്.

8. ഓരോ ദിവസത്തേയും ഓരോ തിരുകർമ്മങ്ങളിലും പങ്കെടുക്കുന്നവരുടെ പേരും, വയസ്സും, ഫോൺ നമ്പറും ഉൾപ്പെട്ട സന്ദർശക രജിസ്റ്റർ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ ദിവസവും ഈ രജിസ്റ്ററിൽ പേര് എഴുതി സൂക്ഷിക്കുന്നതിനായി ഏതാനും പേരെ നിയോഗിക്കുന്നത് ഉചിതമായിരിക്കും. ഇത് നിർവ്വഹിക്കുമ്പോൾ പൊതുവായ പേന ഉപയോഗിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

9. ഈ പ്രത്യേക സാഹചര്യത്തിൽ, തിരുശേഷിപ്പുകളും തിരുസ്വരൂപങ്ങളും, ബൈബിളും തൊട്ട് വണങ്ങുന്നത് ഒഴിവാക്കേണ്ടതാണ്. വി. കുർബ്ബാനയുടേയും, മറ്റ് തിരുകർമ്മങ്ങളുടേയും പുസ്തകങ്ങൾ പൊതുവായി നൽകേണ്ടതില്ല. നേർച്ച വിതരണം, നേർച്ച ഊട്ട്, വിശുദ്ധജലം തളിക്കൽ എന്നിവ ഒഴിവാക്കണം. പനി, സാംക്രമീക രോഗങ്ങൾ ഉള്ളവരെ ദൈവാലയത്തിൽ പ്രവേശിപ്പിക്കാതെ ശ്രദ്ധിക്കണം. പൊതു ഇടങ്ങളിൽ തുപ്പരുത്, ചുമയ്ക്കുമ്പോൾ തൂവാല കൊണ്ട് മുഖം മറയ്ക്കണം, ടിഷ്യൂ ഉപയോഗിക്കുന്നുവെങ്കിൽ ശരിയായി നിർമാർജ്ജനം ചെയ്യണം. രോഗലക്ഷണങ്ങൾ ഉള്ളവർ ഒരു കാരണവശാലും ദൈവാലയത്തിൽ വരാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

10. ദൈവാലയങ്ങളിൽ തിരുകർമ്മങ്ങൾ പരികർമ്മം ചെയ്യപ്പെടുമ്പോൾ ഗായകസംഘം കൂട്ടമായി ആലപിക്കുന്നത് ഒഴിവാക്കണം.

11. ഇടവകകളിലും സ്ഥാപനങ്ങളിലും എ.സി.യുടെ ഉപയോഗം കഴിവതും ഒഴിവാക്കേണ്ടതാണ്. ഉപയോഗിക്കുന്നെങ്കിൽ താപനില 24-30 വരെ ഡിഗ്രി സെൽഷ്യസായി നിജപ്പെടുത്തേണ്ടതാണ്.

12. ഇടവക പരിസരങ്ങളിലും സ്ഥാപനങ്ങളിലും കർശനമായി ആൾകൂട്ടങ്ങൾ ഒഴിവാക്കി സാമൂഹ്യ അകലം പാലിക്കുന്നതിനുള്ള അടയാളങ്ങൾ രേഖപ്പെടുത്തണം. കോവിഡ്19 ന്റെ ബോധവത്ക്കരണ പോസ്റ്ററുകൾ പ്രകടമായി പ്രദർശിപ്പിക്കണം. ഇടവകയിലെ തിരുകർമ്മങ്ങളിലെ പങ്കാളിത്തം നിജപ്പെടുത്തുന്നതിനായി ആവശ്യമെങ്കിൽ ബഹു. അച്ചന്മാർക്ക് ഇടദിവസങ്ങളിൽ രണ്ട് വി. കുർബ്ബാനയും, ഞായറാഴ്ചകളിൽ മൂന്ന് വി.കുർബ്ബാനയും അർപ്പിക്കുവാനുള്ള സാധ്യത ഉപയോഗിക്കാവുന്നതാണ്. ഇടവകയിലെ കുടുംബാംഗങ്ങളുടെ എണ്ണമനുസരിച്ചും, ഇടവക ദൈവാലയത്തിലെ സൗകര്യം കണക്കിലെടുത്തും ഓരോ തിരുകർമ്മങ്ങളിലും പങ്കെടുക്കേണ്ടവരുടെ എണ്ണം നിജപ്പെടുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഓരോ ഇടവകയിലും നടപ്പിലാക്കേണ്ടതാണ്. തിരുനാൾ ആഘോഷങ്ങളും കപ്പേളകളിലെ നൊവേനകളും ഈ കാലഘട്ടത്തിൽ ഒഴിവാക്കേണ്ടതാണ്.

13. അത്യാവശ്യ സന്ദർഭങ്ങളിൽമാത്രം ഇടവകയിലെ പ്രതിനിധിയോഗവും കുടുംബയൂണിറ്റ് കേന്ദ്രസമിതി മീറ്റിങ്ങും വിവിധ സംഘടനകളുടെ മീറ്റിങ്ങുകളും കോവിഡ്19ന്റെ സമൂഹവ്യാപനം തടയുന്നതിന് നൽകപ്പെട്ടിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിച്ചുകൊണ്ട് കൂടാവുന്നതാണ്. പള്ളിയോഗങ്ങൾ, പുതിയ കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ്, തെരട്ട് ഹാജരാക്കൽ, കുടുംബ സമ്മേളനങ്ങൾ, വൈദികരുടെ വാർഷികധ്യാനം, വൈദികരുടെ സ്ഥലമാറ്റം, മതബോധനം എന്നിവയെ സംബന്ധിച്ചും മറ്റ് അനുബന്ധ വിഷയങ്ങളെക്കുറിച്ചും 2020 മെയ് 23-ാം തിയ്യതി 491/20 കല്പനപ്രകാരം നൽകിയ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

കോവിഡ്19 ന്റെ പശ്ചാത്തലത്തിൽ നമ്മുടെ ദൈവാലയങ്ങൾ തുറന്ന് ദൈവത്തിലുള്ള വിശ്വാസം പ്രഘോഷിക്കുമ്പോൾ കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിനായി ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും കർശനമായി പാലിക്കപ്പെടുന്നുവെന്ന് ബഹു. വികാരിയച്ചന്മാരും കൈക്കാരന്മാരും ഇടവകയിലെ ഓരോ വിശ്വാസിയും ഉറപ്പുവരുത്തേണ്ടതാണ്. മുഖാവരണം അണിഞ്ഞും, സാനിറ്റൈസർ ഉപയോഗിച്ചും, ദൈവാലയവും പരിസരവും അണുവിമുക്തമാക്കി കൊണ്ടും കൊറോണ വൈറസിന്റെ വ്യാപനം

തടയുന്നതിന് നാം അതീവ ജാഗ്രത എല്ലായിടങ്ങളിലും പുലർത്തി നമുക്ക് നമ്മുടെ സഹോദരങ്ങളുടെ ജീവന് കാവൽക്കാരാകാം. ഈ പ്രതിസന്ധികളുടെ നടുവിൽ ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ച് ആഴമേറിയ ദൈവവിശ്വാസത്തിൽ അജപാലന വിവേകത്തോടെ ആത്മീയ കാര്യങ്ങളിലും അജപാലന ശുശ്രൂഷകളിലും സാമൂഹിക പ്രവർത്തനങ്ങളിലും കാര്യക്ഷമമായ നേതൃത്വം കൊടുക്കുന്ന അജപാലകരായ നിങ്ങളേവർക്കും സ്നേഹപൂർവ്വം നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു. തിരുഹൃദയ വണക്കമാസത്തിൽ ഈശോയുടെ തിരുഹൃദയത്തിന് നമ്മുടെ രൂപതയിലെ എല്ലാ കുടുംബങ്ങളേയും സന്യാസഭവനങ്ങളേയും സ്ഥാപനങ്ങളേയും സമർപ്പിക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,

രൂപതാഭവനം
07.06.2020

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

## കൈത്താക്കാലം

**2020 ജൂലൈ 19 ഞായർ മുതൽ സെപ്തംബർ 5 ശനി വരെ**

നമ്മുടെ കർത്താവിന്റെ 12 ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. സാധാരണമായി 7 ആഴ്ച നീണ്ടു നിൽക്കുന്ന ഈ കാലത്തെ കൈത്താക്കാലം എന്ന് വിളിക്കുന്നു. കൈത്ത എന്ന പദത്തിനർത്ഥം വേനൽ എന്നാണ്. വേനൽകാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹാകാലത്തെ പ്രേഷിത പ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്ന് പന്തലിച്ച് ഫലം പുറപ്പെടുവിക്കുന്നതിനെയാണ് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുക. അതുകൊണ്ട് ഈ കാലം "സഭയുടെ വളർച്ചയുടെ" കാലമായി പരിഗണിക്കപ്പെടുന്നു.

സഭയുടെ വളർച്ചയെ നിയന്ത്രിക്കുന്ന മാനദണ്ഡം ഈ ലോകത്തിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതമാണ്. അതുകൊണ്ട് സഭയുടെ വിശ്വസ്ത സന്താനങ്ങളായ ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മ ഈ കാലത്തിൽ അനുസ്മരിക്കുന്നു. അവരുടെ ജീവിത സാക്ഷ്യം അനുകരിക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ടെന്നും ഈ കാലം നമ്മെ ഓർമ്മപ്പെടുത്തുന്നു.

Ref: 3318/K-5/KCBC/OL/DS 26.06.2020

## യുവജനദിനം 2020

### ജൂലൈ 5, ഞായർ

**കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

കേരള കത്തോലിക്കാസഭ 2020 ജൂലൈ 5-ാം തിയതി യുവജനദിനമായി ആചരിക്കുന്നു. കെ.സി.ബി.സി. യുവജനകമ്മീഷന്റെ പേരിലുള്ള എല്ലാവിധ പ്രാർത്ഥനാശംസകളും കേരളത്തിലെ എല്ലാ യുവജനങ്ങൾക്കും ഒത്തിരി സ്നേഹത്തോടെ നേരുന്നു.

കെസിബിസി യുവജനകമ്മീഷന്റെ ഭാഗമായ കെ.സി.വൈ.എം., ജീസസ് യൂത്ത്, സി.എൽ.സി., AICUF/യൂക്കരിസ്റ്റിയ, മിജാർക്, ഇദെന്തെ യൂത്ത്, ബോസ്കൊ യൂത്ത് എന്നീ യുവജന സംഘടനകളിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അവരെ നയിക്കുന്ന വൈദികർ, സന്ന്യസ്തർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അഭിവാദനങ്ങൾ.

2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന യുവജന സിനഡിന്റെ വെളിച്ചത്തിലുള്ള 'ക്രിസ്തുസ് വിവിത്' (ക്രിസ്തു ജീവിക്കുന്നു) എന്ന പ്രബോധനരേഖയിൽ ഫ്രാൻസിസ് പാപ്പാ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു: നിങ്ങൾ ദൈവത്തിന്റെ "ഇപ്പോൾ" ആകുന്നു. ക്രിസ്തു ജീവിക്കുന്നു... നിങ്ങൾ ജീവനുള്ളവരായിരിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു. യുവജനം സഭയുടെ ഭാവിയല്ല മറിച്ച് അവർ സഭയുടെ വർത്തമാനകാലമാണ് എന്നാണ് പാപ്പാ അർത്ഥമാക്കുന്നത്.

സഭയ്ക്കും സമൂഹത്തിനും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സാക്ഷികളാകാൻ യുവജനങ്ങളെ ഒരുക്കുക എന്നതാണ് യുവജനകമ്മീഷന്റെ മുഖ്യമായ ദൗത്യം. കേരളസഭ ഈ വർഷം പ്രേഷിതവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന വേളയിൽ 'യുവത്വം, പ്രേഷിതത്വം, രക്തസാക്ഷിത്വം' എന്ന ആപ്തവാക്യത്തിൽ അടിസ്ഥാനപ്പെടുത്തിയാണ് യുവജന ശുശ്രൂഷയുടെ കർമ്മപരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഉപവിഷയങ്ങളായി മതേതരത്വവും ഭരണഘടനാ സംരക്ഷണവും, കാരിത്താസ് സമരിറ്റൻ, കലയും സംസ്കാരവും, നവമാധ്യമ സംസ്കാരം എന്നിവയും തെരഞ്ഞെടുത്തിരിക്കുന്നു.

കോവിഡ്19 എന്ന മഹാമാരി ലോകമെമ്പാടും വ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവാക്കളാണ് സഭയുടെ നട്ടെല്ല് എന്ന് അവർ തെളിയിച്ചിരിക്കുന്നു. മുൻവർഷങ്ങളിലെ ഓഖി, പ്രളയം എന്നീ ദുരന്തങ്ങളുടെ മുമ്പിൽ രക്ഷകരായി മാറിയവരിൽ യുവജനങ്ങളുടെ പങ്കും

അഭിമാനത്തോടെ ഓർക്കുന്നു. കൊറോണ വൈറസ് ഭീതി വിതയ്ക്കുന്ന ഈ സമയത്ത് നമ്മുടെ യുവജനങ്ങൾ ചെയ്തതും ചെയ്യുന്നതുമായ സേവനങ്ങൾ നിരവധിയാണ്.

ലക്ഷക്കണക്കിനു മാസ്ക്കുകളുടെ നിർമ്മാണവും വിതരണവും, ഭക്ഷണപ്പൊതികളുടെ വിതരണം, കമ്മ്യൂണിറ്റി കിച്ചനിലെ പങ്കാളിത്തം, മരുന്നു വിതരണം, ആംബുലൻസ് സേവനം, ഹെൽപ്പ് ഡെസ്ക് രൂപീകരണം, രക്തദാനം, അവശ്യ സാധനങ്ങളുടെ വിതരണം തുടങ്ങി തങ്ങളുടെ ജീവൻ പണയപ്പെടുത്തി യൗവ്വനക്കാർ ചെയ്യുന്ന പ്രവർത്തനങ്ങളെ സഭ കാണുന്നു. ഹൃദയം തുറന്ന് അഭിനന്ദിക്കുന്നു. സർക്കാരിന്റെ നിർദേശങ്ങൾക്കനുസൃതമായി, സംസ്ഥാനതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും സന്നദ്ധസേനകൾ രൂപീകരിച്ചു. മനഃശാസ്ത്ര കൗൺസിലിംഗ് ടീമിനെ സജ്ജമാക്കി. പ്രവാസികളുമായി നിരന്തരം ആശയവിനിമയം നടത്തി.

പള്ളികൾ അടഞ്ഞു കിടന്നപ്പോൾ ദിവ്യബലിയർപ്പണങ്ങളെ ഡിജിറ്റൽ പ്ലാറ്റുഫോമിൽ ഏവർക്കും എത്തിക്കുവാൻ, ലൈവ് സ്ട്രീമുകൾ നടത്തുവാൻ, നവമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുവാനൊക്കെ യുവജനങ്ങൾക്ക് സാധിച്ചു. അതോടൊപ്പം ലോക്ഡൗൺ കാലത്ത് വീടിനുള്ളിൽ അടയ്ക്കപ്പെട്ടവർക്കുവേണ്ടി കലാവിനോദ മത്സരങ്ങൾ നടത്തി. ഭക്ഷ്യസ്വയം പര്യാപ്തതയ്ക്കായി 'ഹരിതം' എന്ന പേരിൽ പച്ചക്കറികൃഷി പദ്ധതി നടപ്പിലാക്കി. ഈ പറഞ്ഞതിലും ഏറെക്കാര്യങ്ങൾ അവർ ചെയ്തുകൊണ്ടിരിക്കുന്നു. സർഗ്ഗാത്മകതയുടെ വസന്തകാലമാക്കി ഈ കോവിഡ് കാലത്തെ മാറ്റുവാൻ സമൂഹ മാധ്യമങ്ങളുടെ സാധ്യതകളെ ഉപയോഗപ്പെടുത്തിയ പ്രേഷിതരാണ് നമ്മുടെ യുവജനങ്ങൾ. അവരെ കേരളസഭയും സമൂഹവും ഹൃദയത്തോട് ചേർത്തുവച്ച് അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

കോവിഡനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തിക രംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ പ്രേഷിതരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവരുടെ ത്യാഗങ്ങളെ രക്തസാക്ഷിത്വമായി കരുതി, കരുണാപൂർവം അവരെ അനുധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്.

രാഷ്ട്രീയ മണ്ഡലങ്ങളിൽ നേതൃത്വപാടവമുള്ള യുവജനങ്ങൾ മൂല്യാധിഷ്ഠിതമായി ഇടപെടേണ്ടതുണ്ട്. സമൂഹത്തിൽ വർദ്ധിച്ചു

വരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹിഷ്ണുത, വിഭാഗീയത, ഏകാന്തത എന്നിവയെല്ലാം മരണസംസ്കാരത്തിന് വേദി ഒരുക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം എന്നിവയൊക്കെ ഈ സംസ്കാരത്തിന് ശക്തി പകരുന്നു. ഇവയോട് നാം സന്ധിയില്ലാസമരം ചെയ്യണം. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബല വിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, ഓഖി ദുരന്തം, വെള്ളപ്പൊക്ക ദുരിതം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ ശ്ലാഘനീയമാണ്. ഇത് ത്യാഗത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കുവാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹ സമ്പന്നമായ കുടുംബ ജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന" (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി തീരുവാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തിചേരാനും യുവത്വമെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം പകരുന്ന ധീര പ്രേഷിതരാകാനും ധീരമായി നിലപാടുകളിൽ ഉറച്ചു നിന്നുകൊണ്ട് രക്തം ചിന്താനും നമ്മെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എം., ജീസസ് യൂത്ത്, സി.എൽ.സി., മിജാർക്ക്, AICUF/യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യരായി, വേണ്ടിവന്നാൽ രക്തസാക്ഷികളായി മാറുവാൻ സർവേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)




**1. Appontments and relieving orders :**

**Rev. Fr. Seby Kolangara** : Relieved from all the office of the Eparchy of Irinjalakuda and granted leave to take the office, Executive Director, Syro- Malabar Church Internet Mission (SMCIM) w.e.f. $30^{th}$ June 2020.

**Rev. Fr. Wilson Pereppadan** : Appointed Vicar, St.Mary's Church, Vennur, w.e.f. $30^{th}$ June 2020.

**V. Rev. Fr. Sebastian Panjikkaran** : Reappointed as the member of Censors of Books of the eparchy of Irinjalakuda w.e.f. $01^{st}$ July 2020.

**V. Rev. Fr. Vincent Alappatt** :Reappointed as the member of Censors of Books of the eparchy of Irinjalakuda w.e.f. $01^{st}$ July 2020.

**Rev. Fr. Antony Manjaly** : Reappointed as the member of Censors of Books of the eparchy of Irinjalakuda w.e.f. $01^{st}$ July 2020.

**V. Rev. Fr. Joji Kallingal** : Appointed the member of Censors of Books of the eparchy of Irinjalakuda w.e.f. $01^{st}$ July 2020.

**Rev. Fr. Joju Kokkatt** : Appointed the member of Censors of Books of the eparchy of Irinjalakuda w.e.f. $01^{st}$ July 2020.

**2. മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാൾ - ജൂലൈ 3 വെള്ളി (സീറോ മലബാർ സഭാദിനം)**

ഭാരതത്തിൽ ക്രിസ്തീയ വിശ്വാസദീപം തെളിയിച്ച മാർ തോമാശ്ലീഹായുടെ അനുസ്മരണ ദിനം. ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ രൂപതയുടെ സഹമദ്ധ്യസ്ഥനുമായ മാർ തോമാശ്ലീഹായുടെ

മാദ്ധ്യസ്ഥ്യം ഭാരതത്തിനും നമ്മുടെ രൂപതയ്ക്കും പ്രത്യേകം പ്രാർത്ഥിക്കാം. ഇന്ന് സഭയിലെ പ്രധാനപ്പെട്ട തിരുനാളും കടമുള്ള ദിവസവുമാണ്.

മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ പ്രവർത്തനങ്ങൾക്കു വേണ്ടി ഇടവകയുടെ സഹായം നമുക്ക് നൽകാം.

3. **മാസധ്യാനം – 2020 ജൂലൈ**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ രൂപതാതല മാസധ്യാനം സാധ്യമല്ലാത്തതിനാൽ സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി ബഹുമാനപ്പെട്ട അച്ചന്മാർ ഫൊറോനതലത്തിൽ ഒരുമിച്ചുകൂടി ധ്യാനചിന്തകൾ പങ്കുവയ്ക്കുന്നത് നന്നായിരിക്കും.

4. **യുവജനദിനം 2020 – ജൂലൈ 5 ഞായർ :** യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. യുവജനകൂട്ടായ്മ ശക്തിപ്പെടുത്തുകയും ഇടവക പ്രവർത്തനങ്ങളിൽ യുവജനപങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുമല്ലോ.

5. **അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ നാലാം ചരമ വാർഷികം – ജൂലൈ 10 വെള്ളി:** മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ നാലാം ചരമ വാർഷികദിനത്തോടനുബന്ധിച്ച് ജൂലൈ 10–ാം തിയ്യതി വെള്ളിയാഴ്ച എല്ലാ ഇടവകകളിലും പിതാവിന്റെ അനുസ്മരണാർത്ഥമുള്ള വി. കുർബ്ബാനയും ഒപ്പീസും നടത്തേണ്ടതാണ്. അന്നേ ദിവസം രൂപതയുടെ വിവിധ തലങ്ങളിലുള്ള പ്രതിനിധികളെ മാത്രം ഉൾപ്പെടുത്തി ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് വൈകീട്ട് 5 മണിക്ക് അനുസ്മരണ ദിവ്യബലിയും തുടർന്ന് കബറിടത്തിൽ പ്രത്യേക പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കേണ്ട പ്രതിനിധികൾക്ക് പ്രത്യേകം അറിയിപ്പ് നൽകുന്നതായിരിക്കും.

6. **കൈക്കാരന്മാരുടെ സംഗമം, ദൈവാലയ ശുശ്രൂഷികളുടെ കുടുംബകൂട്ടായ്മ:** കൈക്കാരന്മാരുടെ സംഗമവും ദൈവാലയശുശ്രൂഷികളുടെ കുടുംബകൂട്ടായ്മയും മാറ്റിവയ്ക്കുന്നു. സൗകര്യപ്രദമായി തിയ്യതികൾ പിന്നീട് അറിയിക്കുന്നതാണ്.

7. **ധന്യൻ ജോസഫ് വിതയത്തിലച്ചൻ അനുസ്മരണം – ജൂലൈ 23 വ്യാഴം :** ധന്യൻ ജോസഫ് വിതയത്തിലച്ചന്റെ അനുസ്മരണം ജൂലൈ 14 മുതൽ 23 വരെയുള്ള ദിനങ്ങളിൽ ആഘോഷിക്കുന്നു.

8. **വി. അൽഫോൻസാമ്മയുടെ തിരുനാൾ – ജൂലൈ 28 ചൊവ്വ**

9. **വി. വിയാനിയുടെ തിരുനാളും ജൂബിലിയാഘോഷവും:** ആഗസ്റ്റ് 4 ചൊവ്വാഴ്ച നിശ്ചയിച്ചിരുന്ന വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷവും, വൈദിക സംഗമവും, ബഹു. വൈദിക

രുടെ ജൂബിലിയാഘോഷവും മറ്റൊരവസരത്തിലേക്ക് മാറ്റി വയ്ക്കുന്നു. തിയ്യതിയും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും.

10. **വാർഷികധ്യാനം:** ഈ വർഷത്തെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം പഞ്ചദിനക്യാമ്പിനായി നിശ്ചയിച്ചിരുന്ന ദിനങ്ങളിൽ നടത്തപ്പെടുന്നു. കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി നടത്തപ്പെടുന്ന ധ്യാനത്തിന്റെ കൂടുതൽ ക്രമീകരണങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. ഒന്നാം ബാച്ച് **സെപ്തംബർ 14 മുതൽ 18** (തിങ്കൾ -വെള്ളി) വരെയും, രണ്ടാം ബാച്ച് **21 മുതൽ 25** (തിങ്കൾ-വെള്ളി) വരെയായിരിക്കും. പഞ്ചദിനക്യാമ്പിന്റെ തിയ്യതികൾ പിന്നീട് തീരുമാനിക്കുന്നതാണ്.

11. **മൈനർ സെമിനാരി വിദ്യാർത്ഥികൾ (2020 Batch) :** ഈ വർഷം ഇരിങ്ങാലക്കുട സെന്റ് പോൾ മൈനർ സെമിനാരിയിൽ പുതുതായി ചേർന്ന് പരിശീലനം തേടുന്ന വൈദിക വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

1. Chelappurath Rajesh Akhil, Kodunga
2. Edappilly George Jovi, Kaduppassery
3. Elanjickal Biju Abin, Chaipankuzhy
4. Kallely Wilson Jeffin, Kuttikad Forane
5. Kallery Kanjirakkadan Johnson Veenus, Karuvannur
6. Kochakkadan Jose Rahul, Perambra
7. Koikara Baiju Richin, Kallur
8. Kollannur Jojo Alan, Chalakudy Forane
9. Maliakal Davis Bibin, Thazhur
10. Maliekal Yesudas Immanuel, Thazhur
11. Mangalan Johnson Joyal, Kodakara Forane
12. Nambalam Babu Robin, Chaipankuzhy
13. Nereparambil Jose Jinto, Vallakunnu
14. Nettikkadan Vakkachan Thomas, Puthenchira East
15. Padayatty Biju Noel, Kumbidi
16. Pallan Joby Jophin, Irinjalakuda West
17. Pottathuparambil Benny Aloshies, Potta
18. Thekkan Saji Joyal, Munipara
19. Vithayathil Thomas Zion, Thumbacode

രൂപതാ കാര്യാലയം
20.06.2020

**മോൺ. ലാസർ കുറ്റിക്കാടൻ**
വികാരി ജനറാൾ

## റവ. സി. തിയഡോസിയ എഫ്.സി.സി.

**മരണം : 12.05.2020**



ഇരിങ്ങാലക്കുട രൂപത, പേരാമ്പ്ര ഇടവക, കണ്ണംമ്പിള്ളി ആൻണി-അന്നം ദമ്പതികളുടെ എട്ട് മക്കളിൽ ആറാമത്തെ സന്താനമായി 1930 ഫെബ്രുവരി 20ന് ത്രേസ്യ ജനിച്ചു. 1952ൽ സന്ന്യാസർത്ഥിനിയായി പ്രവേശിച്ച് 23.05.1955ൽ സഭാവസ്ത്രസ്വീകരണവും 25.05.1956 ൽ ആദ്യവ്രതാർപ്പണവും നടത്തി സി.തിയഡോസിയായി മാറി. 1956ൽ നിത്യവ്രതാർപ്പണം നടത്തിയ സിസ്റ്റർ 2006 ൽ സുവർണ്ണ ജൂബിലി ആഘോഷിച്ചു.

മണിക്കൂറുകളോളം ദിവ്യകാരുണ്യ സന്നിധിയിൽ ചിലവഴിക്കുകയും ഏതൊരു ചെറിയ ജോലിയും ഏറെ സന്തോഷത്തോടെ ചെയ്യുകയും ചെയ്ത ബഹു. അമ്മയുടെ ആദർശവാക്യം ആരെയും വിധിക്കരുത്, സത്യം മാത്രമേ പറയാവൂ എന്നതായിരുന്നു. കരുവന്നൂർ മഠാംഗമായിരിക്കെ നെഞ്ചുവേദന അനുഭവപ്പെട്ടതിനെതുടർന്ന് കരാഞ്ചിറ ഹോസ്പിറ്റലിൽ പ്രവേശപ്പിക്കുകയും അവിടെ വച്ച് രോഗീലേപനം നല്കുകയും മെയ് 12ന് അമ്മയുടെ ആത്മാവ് സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് യാത്രയാകുകയും ചെയ്തു.

---

## റവ. സി. സാൽവിയ എഫ്.സി.സി.

**മരണം : 12.05.2020**



ഇരിങ്ങാലക്കുട രൂപത, പരിയാരം ഇടവക, കല്ലേലി തോമൻക്കുട്ടി-റോസ ദമ്പതികളുടെ നാലാമത്തെ സന്താനമായി 1942 ആഗസ്റ്റ് 21 ന് മേരി ജനിച്ചു. 1964-ൽ പ.ചാലക്കുടി കോൺ വെന്റിൽ സന്ന്യാസർത്ഥിനിയായി പ്രവേശിച്ചു, 03.05.1966ൽ സഭാവസ്ത്രസ്വീകരണവും 05.05.1967 ൽ ആദ്യവ്രതാർപ്പണവും നടത്തി സി.സാൽവിയ എന്ന പേര് സ്വീകരിച്ചു. 1972ൽ നിത്യവ്രതാർപ്പണം നടത്തിയ സിസ്റ്ററിന് 2017ൽ സുവർണ്ണജൂബിലി ആഘോഷിക്കുവാൻ സാധിച്ചു.

അദ്ധ്യാപനരംഗത്ത് ശുശ്രൂഷ ചെയ്ത തന്റെ കൈയിലൂടെ കടന്നുപോകുന്ന മക്കളിൽ ദൈവവിശ്വാസം ആഴപ്പെടുത്താനും ദൈവവിളി തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കാനും പരിശ്രമിച്ചു. കോട്ടാറ്റ് സെന്റ് ജോൺ ബാപ്റ്റിസ്റ്റ് മഠാംഗമായിരിക്കെ അസ്വസ്ഥതകൾ പ്രകടമാക്കിയതിനെ തുടർന്ന് പോട്ട ധന്യ ഹോസ്പിറ്റലിൽ പ്രവേശിപ്പക്കുകയും അവിടെവച്ച് രോഗീലേപനം നൽകുകയും ചെയ്തു. മെയ് 12ന് അമ്മയുടെ ആത്മാവ് സ്വർഗ്ഗീയഭവനത്തിലേയ്ക്ക് യാത്രയായി.

## റവ. സി. ആൻസി ജോൺ എഫ്.സി.സി.

**മരണം : 30.05.2020**



ഇരിങ്ങാലക്കുട രൂപത, പരിയാരം ഇടവക, കല്ലേലി ലോനപ്പൻ-ഏല്യക്കുട്ടി ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായി 1950 ജൂലായ് 13ന് ആനി ജനിച്ചു. 1973 മെയ് 3ന് സന്യാസാർത്ഥിനിയായി ചേർന്നു. 1975ൽ സഭാവസ്ത്രസ്വീകരണവും 05.05.1967ൽ ആദ്യവ്രതാർപ്പണവും നടത്തി സി. ആൻസി ജോൺ എന്ന പേര് സ്വീകരിച്ചു. 1981 ൽ നിത്യവ്രതാർപ്പണം നടത്തിയ സിസ്റ്റർ 2000-ൽ തന്റെ വ്രതവാഗ്ദാനത്തിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു.

'ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്ത് കൊടുത്തപ്പോഴെല്ലാം എനിക്കു തന്നെയാണ് ചെയ്തത്' എന്ന തിരുവചനം ആദർശവാക്യമായി സ്വീകരിച്ചുകൊണ്ട് പാവങ്ങളെ ശുശ്രൂഷിക്കുന്നതിൽ ഏറെ സന്തോഷിച്ചിരുന്ന സിസ്റ്റർ, ആളൂർ നവചൈതന്യയിലും ആനന്ദപുരം സാൻജോസദനിലും സ്തുത്യർഹമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. തിരുത്തിപറമ്പ് ലേഡി ഗ്രെയ്സ് മഠത്തിൽ കഴിഞ്ഞിരുന്ന സിസ്റ്റർ, രോഗം മൂർച്ഛിച്ചതിനെ തുടർന്ന് രോഗീലേപനം സ്വീകരിക്കുകയും 2020 മെയ് 30ന് സ്വർഗ്ഗീയ വസതിയിലേക്ക് യാത്രയാവുകയും ചെയ്തു.

## ബൈബിൾ അപ്പസ്തോലേറ്റ്

**1. ലോഗോസ് ക്വിസ് പരീക്ഷ:** 21-ാമത് ലോഗോസ് ക്വിസ് പരീക്ഷ 2020 ഒക്ടോബർ 4 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3.30 വരെ.

- ഈ വർഷം സംസ്ഥാനതല ലോഗോസ് ഫമിലിയ ക്വിസ് ഉണ്ടായിരിക്കും.
- വിദേശ മലയാളികൾക്ക് ഓൺലൈൻ പരീക്ഷ ഉണ്ടായിരിക്കും.

**2. ലോഗോസ് പരീക്ഷ രജിസ്ട്രേഷൻ:** ജൂൺ 1 മുതൽ ആഗസ്റ്റ് 15 വരെ ഓൺലൈനിൽ ചെയ്യുക (Website : www.logosquiz.org). രജിസ്ട്രേഷനുശേഷം രൂപത ഓഫീസിൽ രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടത് ആഗസ്റ്റ് ഒന്ന് തുടങ്ങിയാണ്.

**3. ഈ വർഷത്തെ പഠനഭാഗം:**

**നിയമാവർത്തനം 22-34; പ്രഭാഷകൻ 18-22;**
**മർക്കോസ് 1-8; 1 കൊറിന്തോസ് 1-8**

*പ്രായവിഭാഗങ്ങൾ :* A വിഭാഗം : 01.01.2009 നുശേഷം ജനിച്ചവർ
B വിഭാഗം : 01.01.2004 നും 31.12.2008നും ഇടയിൽ
C വിഭാഗം : 01.01.1989 നും 31.12.2003നും ഇടയിൽ
D വിഭാഗം : 01.01.1969 നും 31.12.1988നും ഇടയിൽ
E വിഭാഗം : 01.01.1956 നും 31.12.1968നും ഇടയിൽ
F വിഭാഗം : 31.12.1955 ന് മുൻപ് ജനിച്ചവർ

**ഫാ. ജോജു കോക്കാട്ട്**
ഡയറക്ടർ

**1. പരിപാടികൾ**

***2020 മെയ്***

24 കഴിഞ്ഞ ഒരു വർഷക്കാലം മൈനർ സെമിനാരി വൈസ്. റെക്ടർ എന്ന നിലയിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച് ആലുവ മംഗലപ്പുഴ മേജർ സെമിനാരി പ്രൊഫസറായി സ്ഥലം മാറി പോകുന്ന റവ. ഫാ. സിന്റോ ചിറ്റിലപ്പിള്ളിക്ക് യാത്രയയപ്പ് നൽകി.

***2020 ജൂൺ***

6-8 ദൈവവിളി ധ്യാനം നടന്നു

9 ഈ വർഷം മൈനർ സെമിനാരിയിലേക്ക് പ്രവേശനം തേടുന്ന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ പിതാവ് ഇന്റർവ്യൂ നടത്തി.

14 മാസധ്യാനം, റവ. ഫാ. റീസ് വടാശ്ശേരി നേതൃത്വം നൽകി.

19 തിരുഹൃദയ തിരുനാളും തിരുഹൃദയ പ്രതിഷ്ഠയും നടത്തി.

22 ഈ വർഷം മൈനർ സെമിനാരിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 19 വിദ്യാർത്ഥികളെ അഭിവന്ദ്യ പിതാവ് സ്വീകരിച്ചു.

**2. സാമ്പത്തിക സഹായം നൽകിയവർ**

| | |
|---|---|
| 1. Jacob and Mary, Mandakath, Chalakudy Forane | 20000.00 |
| 2. Francis Varghese, Chamavalappil, Irinjalakuda | 25000.00 |
| 3. Pranav George, Thottiyan, Irinjalakuda | 25000.00 |
| 4. Annamkutty Jacob, Nangni, North Chalakudy | 60000.00 |

**ഫാ. വിൻസെന്റ് പാറയിൽ**
റെക്ടർ

## ബഹു. വൈദികരുടെ വാർഷികധ്യാനം

ഈ വർഷത്തെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം 2020 സെപ്തംബർ മാസത്തിൽ പഞ്ചദിനക്യാമ്പിനായി നിശ്ചയിച്ചിരുന്ന ദിനങ്ങളിൽ ആയിരിക്കും. കോവിഡ്19ന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി നടത്തപ്പെടുന്ന ധ്യാനത്തിന്റെ കൂടുതൽ ക്രമീകരണങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. ഒന്നാം ബാച്ച് **സെപ്തംബർ 14 മുതൽ 18** (തിങ്കൾ-വെള്ളി) വരെയും, രണ്ടാം ബാച്ച് **21 മുതൽ 25** (തിങ്കൾ -വെള്ളി) വരെയായിരിക്കും. പഞ്ചദിനക്യാമ്പിന്റെ തിയ്യതികൾ പിന്നീട് തീരുമാനിക്കുന്നതാണ്.

# ബ്ലസ്സ് എ ഹോം

**1.** ഇരിങ്ങാലക്കുട രൂപത ബ്ലെസ്സ് എ ഹോം പദ്ധതിയിൽ നിന്ന് **1558** കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേയ്ക്ക് ഇപ്പോൾ **എട്ട് കോടി രണ്ട് ലക്ഷത്തി അറുപത്തിഏഴായിരത്തി ഇരുനൂറ്റി മുപ്പത്തിയൊമ്പത് (80267239)** രൂപ നല്കി.

**2. ബ്ലസ്സ് എ ഹോമിലേയ്ക്ക് സംഭാവന നല്കിയവർ**

| | |
|---|---|
| 1. നെരേപറമ്പിൽ ജിജോ, ചാലക്കുടി | 12,000 |
| 2. മാളിയേക്കൽ ബിജു, അരിപ്പാലം | 12,000 |
| 3. പടയാട്ടി ബാബു, മാള | 7,000 |
| 4. സെന്റ് ജോൺ ബാപ്റ്റിസ്റ്റ് കോൺവെന്റ്, കോട്ടാറ്റ് | 5,000 |
| 5. ജോൺ ഫ്രാൻസിസ് കണ്ടംകുളത്തി | 10,000 |
| 6. കണിച്ചായി ഫ്രാൻസിസ്, ആളൂർ | 12,000 |
| 7. സെന്റ് ജോസഫ് കോൺവെന്റ്, കരുവന്നൂർ | 5,000 |
| 8. ആൻഡ്രിൻ ജെസ് അനുമോൻ കണ്ണൂക്കാടൻ, കൊമ്പിടി | 12,000 |
| 9. ഡോ. ടോം മിഷേൽ അറയ്ക്കൽ, ഇരിങ്ങാലക്കുട | 5,000 |
| 10. ലില്ലി പോൾ, അവിട്ടത്തൂർ | 6,000 |
| 11. ചക്കാലയ്ക്കൽ സെബാസ്റ്റ്യൻ, ചാലക്കുടി | 12,000 |
| 12. ആനി കളപറമ്പത്ത്, മാള | 12,000 |
| 13. ലേഡി ഗ്രേയ്സ് കോൺവെന്റ്, തിരുത്തിപറമ്പ് | 5,000 |
| 14. എം.ടി. & ജെ.വി. പ്രയർ ഹൗസ്, കുഴിക്കാട്ടുശ്ശേരി | 10,000 |
| 15. ആന്റണി പുന്നേലിപറമ്പിൽ, മുരിയാട് | 12,000 |
| 16. ഫ്രാൻസിസ് പൊഴോലിപറമ്പിൽ, കല്ലംകുന്ന് | 12,000 |
| 17. സെന്റ് ജോസഫ് ചർച്ച്, തുറവൻകുന്ന് | 5,000 |
| 18. ലിസ മാളിയേക്കൽ, ഇരിങ്ങാലക്കുട | 12,000 |
| 19. അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസ്, ചാലക്കുടി | 10,000 |
| 20. ജോയ് കണ്ണാംപടത്തിൽ, വെണ്ണൂർ | 12,000 |
| 21. ഉദയ പ്രൊവിൻഷ്യൽ ഹൗസ്, ഇരിങ്ങാലക്കുട | 10,000 |
| 22. ടി. ഡി. വർക്കി തൊണ്ടൻകുഴി, വെണ്ണൂർ | 12,000 |
| 23. എം. എസ്. പോളി മാമ്പിള്ളി, മാള | 6,000 |
| 24. ജോയ് ആലുക്കാസ്, തൃശ്ശൂർ | 20,000 |
| **ആകെ** | 2,18,000 |

**ഫാ. സീജോ ഇരിമ്പൻ**
ഡയറക്ടർ

**1. മതബോധന ശുശ്രൂഷാരംഗത്ത് 25 വർഷം പൂർത്തിയാക്കിയ അദ്ധ്യാപകർ** *(തുടർച്ച)*

1. Johnson Anto Kombarakaran, St. Thomas Cathedral (Donbosco Unit), Irinjalakuda
2. Annie James Attokkaran, St. Thomas Cathedral (Donbosco Unit), Irinjalakuda
3. Denny C.D. Chenginiyadan, St. Joseph's Church, Kakkulissery

**2. പുതിയ അദ്ധ്യയനവർഷത്തിലെ ആപ്തവാക്യം – "ഗുരുദർശനം ജീവിത പ്രതിസന്ധികളിൽ":** ഈ വർഷത്തെ മതബോധന ക്ലാസ്സുകൾ ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് Vidyajyoti Catechism Irinjalakuda എന്ന youtube ചാനലിലൂടെ സംപ്രേഷണം ചെയ്യുന്നു. എല്ലാ മതബോധന യൂണിറ്റുകളിലും, ക്ലാസ്സുകൾ എല്ലാ കുട്ടികൾക്കും സൗകര്യപ്രദമായി ലഭിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ക്ലാസ് ടീച്ചേഴ്സ് ചെയ്തുകൊടുക്കണേ. കുട്ടികളുടെ കൈയിൽ നിർബന്ധമായും ടെക്സ്റ്റ് ബുക്കുകൾ (ക്ലാസ്സ് ടെക്സ്റ്റ്, വചനം എന്റെ ജീവൻ) ഉണ്ടായിരിക്കേണ്ടതാണ്. ഇല്ലാത്തവർക്ക് പുസ്തകം എത്തിച്ചുകൊടുക്കുവാൻ ശ്രദ്ധിക്കുക. ഓരോ ക്ലാസ്സിലെയും പാഠപുസ്തകങ്ങളും ഉപപാഠപുസ്തകമായ വചനം എന്റെ ജീവൻ എന്ന പുസ്തകവും വാങ്ങാത്തവർ വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽനിന്നും വാങ്ങേണ്ടതാണ്. എല്ലാ പുസ്തകങ്ങളും വിദ്യാജ്യോതിയിൽനിന്നും ലഭിക്കുന്നതാണ്. ടെക്സ്റ്റ് ബുക്ക്, വചനം എന്റെ ജീവൻ എന്നീ രണ്ടു പുസ്തകങ്ങളും പാഠ്യവിഷയങ്ങൾ ആണ്.

**3. X, XII ക്ലാസ്സുകളിലെ Say Examination:** X, XII ക്ലാസ്സുകളിലെ Say Examination നടത്തി മാർക്ക് ലിസ്റ്റ് വിദ്യാജ്യോതി മതബോധനകേന്ദ്രത്തിൽ ഏൽപ്പിക്കാത്ത ഏതെങ്കിലും മതബോധന യൂണിറ്റുകൾ ഉണ്ടെങ്കിൽ എത്രയും വേഗത്തിൽ മാർക്ക് ലിസ്റ്റും പേര് വിവരങ്ങളും ഏൽപ്പിക്കുക.

**4. ക്രാഷ് കോഴ്സ്:** കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ XI, XII ക്ലാസ്സുകളിലെ ക്രാഷ് കോഴ്സിൽ പങ്കെടുത്ത കുട്ടികൾക്ക് ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽവച്ച് ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ല. അവർ ഇടവക പള്ളിയിൽ നടക്കുന്ന Online ക്ലാസ്സുകളിൽ പങ്കെടുക്കുകയും പേരുകൾ ഇടവക മതബോധന രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. XI-ാം ക്ലാസ്സിൽ പഠിച്ച കുട്ടികളുടെ മാർക്ക് വിദ്യാജ്യോതിയിൽനിന്നും ലഭിക്കുന്നതാണ്. XI ഉം XII ഉം മതബോധന ക്ലാസ്സുകളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ.

**5. Email ID:** ഓരോ മതബോധന യൂണിറ്റിനും സ്വന്തമായി ഒരു Email ID ഉണ്ടാകണം. ഇല്ലാത്ത യൂണിറ്റുകൾ എത്രയും പെട്ടെന്ന് create ചെയ്യേണ്ടതാണ്. ഇപ്പോഴുള്ള പ്രത്യേക സാഹചര്യത്തിൽ ഓഫീസിൽ നേരിട്ട് വരിക പ്രായോഗികമല്ലാത്തതിനാൽ തുടർന്നുള്ള ചില പ്രവർത്ത നങ്ങൾ Email വഴിയാണ് ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നത്

**ഫാ. ടോം മാളിയേക്കൽ**
ഡയറക്ടർ

## സി.എൽ.സി.

### രൂപത സി.എൽ.സി.യുടെ 'പഠനം സ്മാർട്ടാകണം' പദ്ധതി




രൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ പഠനം സ്മാർട്ടാകണം എന്ന പദ്ധതിക്കു തുടക്കം കുറിച്ചു. നിർധനരായ വിദ്യാർഥികൾക്കു ഓൺലൈൻ പഠനത്തിനു സൗകര്യമൊരുക്കികൊണ്ട് സ്മാർട്ട് ടി.വി.കൾ നല്കുക എന്നുള്ളതാണ് പദ്ധതി. പദ്ധതിയുടെ ഭാഗമായി വിദ്യാർഥികൾക്കു നല്കുന്ന സ്മാർട്ട് ടി.വി.കളുടെ വിതരണോദ്ഘാ ടനം ബിഷപ് മാർ പോളി കണ്ണൂക്കാടൻ നിർവ്വഹിച്ചു. ഇടവകകളിലെ സി.എൽ.സി. യൂണിറ്റുകൾ മുഖേനയാണ് അർഹരായ വിദ്യാർഥികളെ കണ്ടെത്തി ടി.വി.കൾ സമ്മാനിക്കുന്നത്. രൂപത ഡയറക്ടർ റവ. ഫാ. ഡെയ്സൺ കവലക്കാട്ട് ആമുഖപ്രസംഗം നടത്തി. രൂപത പ്രസിഡന്റ് റിബിൻ റാഫേൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ഷോബി കെ. പോൾ, സോണൽ ഓർഗനൈസർ ബിബിൻ പോൾ, ദേശീയ കൗൺസിൽ അംഗം റോഷൻ തെറ്റയിൽ, രൂപത സെക്രട്ടറി വിപിൻ പുളിക്കൻ, വൈസ് പ്രസിഡന്റ് ഗ്ലൈജോ തെക്കൂടൻ, ജിബിൻ ജോയ്, അഞ്ജലി ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. ഡെയ്സൻ കവലക്കാട്ട്**
ഡയറക്ടർ




## 2020 July

### Birth Days

| | | | |
|---|---|---|---|
| 1 | Rev. Fr. Kallely Alex | 10 | Rev. Fr. Kalaparambath Lijo |
| | Rev. Fr. Vezhaparambil George | 13 | Rev. Msgr. Kuttikadan Lazar |
| 3 | Rev. Fr. Chembakassery Vincent | 15 | Rev. Fr. Elamkunnapuzha Paul |
| | Rev. Fr. Pudussery Thomas | 16 | Rev. Fr. Kadambatt Joy |
| | Rev. Fr. Thekkiniyath Dinto | 17 | Rev. Fr. Alappat Sinto |
| 4 | Rev. Fr. Chalissery Varghese | 18 | Rev. Fr. Puthenveettil Joy |
| | Rev. Fr. Chittilappilly Jose K. | 20 | Rev. Fr. Iyyanam John Paul |
| | Rev. Fr. Kodiyan Tinto | 22 | Rev. Fr. Pulicken Ajo |
| 5 | Rev. Fr. Cheenan Bency | 24 | Rev. Fr. Menoth Jijo |
| 6 | Rev. Fr. Kannampilly Thomas | 25 | Rev. Fr. Vadakkumchery Jaison |
| 7 | Rev. Fr. Vazhappilly Varghese O. | 26 | Rev. Fr. Vadassery Rees |
| 8 | Rev. Fr. Ambooken Paul A. | 27 | Rev. Fr. Elamkunnapuzha Jaju |
| | Rev. Fr. Arimbully Benny | | Rev. Fr. Valiyaveettil Saji |

## 2020 July

### Feast Days

| | | | |
|---|---|---|---|
| 3 | Rev. Fr. Alukka Thomas | | Rev. Fr. Thekkiniyath Dinto |
| | Rev. Fr. Attokaran Colin | | Rev. Fr. Ukken Naveen |
| | Rev. Fr. Chittilappilly Sinto | | Rev. Fr. Vadakan Tom |
| | Rev. Fr. Edattukaran Sebin | | Rev. Fr. Velakkanadan Thomas |
| | Rev. Fr. Elamkunnapuzha Thomas | 21 | Rev. Fr. Varamuth Daniel |
| | Rev. Fr. Kalambadan Bivin | 25 | Rev. Fr. Alappat Tijo |
| | Rev. Fr. Kallaparambil Sibu | | Rev. Fr. Athiyunthan James |
| | Rev. Fr. Kannampilly Thomas | | Rev. Fr. Kadavil Jain |
| | Rev. Fr. Kolamkanny Anoop | | Rev. Fr. Kattuparambil Chacko |
| | Rev. Fr. Koottala Thomas | | Rev. Fr. Kavalakatt James |
| | Rev. Fr. Koottalaparambil Seby | | Rev. Fr. Menoth. Jijo |
| | Rev. Fr. Maliekal Tom | | Rev. Fr. Pallipatt Jaims |
| | Rev. Fr. Nattekadan Thomas | | Rev. Fr. Vadakkumchery Jaison |
| | Rev. Fr. Panjikaran Thomas | 31 | Rev. Fr. Chittilappilly Ignatius |
| | Rev. Fr. Payyappilly Ebin | | Rev. Fr. Chungath Ignatius |
| | Rev. Fr. Pudussery Thomas | | Rev. Fr. Valiyaveettil Saji |

# അവാർഡ്

**1. ഭക്ഷ്യകിറ്റ് വിതരണം:** കോവിഡ്19 നുമായി ബന്ധപ്പെട്ട് കഷ്ടത അനുഭവിക്കുന്ന, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ഗർഭിണികൾക്കും CNEWA യുടെ സഹായത്തോടെ 650 പേർക്ക് 1100 രൂപയുടെ ഭക്ഷ്യകിറ്റ് വിതരണം ചെയ്തു.

**2. തിരുഹൃദയ പ്രതിഷ്ഠ:** അവാർഡിൽ ജൂൺ 20-ാം തിയതി ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ തിരുഹൃദയ പ്രതിഷ്ഠ നടത്തി.

**3. പരിസ്ഥിതി ദിനാഘോഷം:** ജൂൺ 5-ാം തിയതി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മനോജ് കരിപ്പായി അവാർഡിൽ വൃക്ഷ തൈ നട്ട് പരിസ്ഥിതി ദിനാഘോഷം നടത്തി. അവാർഡിന്റെ കീഴിലുള്ള സൊസൈറ്റികളിലും, സർഗകളിലും വൃക്ഷതൈകൾ നട്ട് പരിസ്ഥിതി ദിനാഘോഷം നടത്തുകയുണ്ടായി.

**4. JLG -Bank Verification:** 8 കർഷകർക്ക് 6 ലക്ഷം രൂപയുടെ കാർഷിക ലോൺ വിതരണം ചെയ്തു.

**5. ആട് ഗ്രാമം പദ്ധതി:** ആടുഗ്രാമം പദ്ധതിയുടെ ഭാഗമായി 15 കർഷകർക്ക് ബാങ്ക് വെരിഫിക്കേഷൻ നടത്തി ലോൺ കൊടുത്തു.

**6. സർഗ (ആടു വിതരണം):** അവാർഡിന്റെ കീഴിലുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി നടത്തുന്ന സർഗ ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് ആടുകളെ വിതരണം ചെയ്തു.

**7. ടെലി കൗൺസിലിംഗ്:** അവാർഡ് ഭവനിലെ ഫാമിലി കൗൺസിലിംഗ് സെന്ററിലും, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററിലും കോവിഡ് 19 കാലഘട്ടത്തിൽ ടെലി കൗൺസിലിംഗ് നടത്തുന്നു.

**ഫാ. മനോജ് കരിപ്പായി**
ഡയറക്ടർ

# സ്മരണാഞ്ജലി




| | |
|---|---|
| റവ. ഫാ. ജേക്കബ് എളങ്കുന്നപ്പുഴ | 01.07.1979 |
| മോൺ. ജോർജ്ജ് തെക്കേക്കര | 28.07.1982 |
| റവ. ഫാ. ജോൺ ചെറുനിലം | 31.07.1984 |
| റവ. ഫാ. ആന്റണി കിഴക്കൂടൻ | 30.07.1995 |



**ഹരിത വിപ്ലവം തീർത്ത് ഇരിങ്ങാലക്കുട രൂപത കെ.സി.വൈ.എം.**

ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, കോവിഡ് കാലഘട്ടത്തിൽ യുവജങ്ങൾക്കു കൂടുതൽ കാർഷിക മേഖലയിലേക്ക് ശ്രദ്ധ ചെലുത്തുന്നതിനായി പ്രചോദനം നൽകുക തുടങ്ങിയ ലക്ഷ്യത്തോടെ കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ഹരിതം പദ്ധതിയുടെ ഭാഗമായി ഇരിങ്ങാലക്കുട രൂപത കെ.സി.വൈ.എം. 7 ലക്ഷത്തോളം വില വരുന്ന 6000 ഹരിത കിറ്റുകൾ വിതരണം ചെയ്തു. ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ആദ്യ വിതരണം നടത്തി. ചെയർമാൻ ജെറാൾഡ് ജേക്കബ്, ഡയറക്ടർ റവ.ഫാ. മെഫിൻ തെക്കേക്കര, ആനിമേറ്റർ സിസ്റ്റർ പുഷപ, ജനറൽ സെക്രട്ടറി എമിൽ ഡേവിസ്, സംസ്ഥാന വൈസ് പ്രസിഡന്റ് ജെയ്സൺ ചക്കേടത്ത്, വൈസ് ചെയർപേഴ്സൺ അലീന ജോബി, സിൻഡിക്കേറ്റ് അംഗം ഡെൽജി ഡേവിസ്, സെനറ്റ് മെമ്പർ ഡേവിഡ് ബെൻഷർ, വനിതാ വിങ് കൺവീനർ ഡിംബിൾ, ഇരിങ്ങാലക്കുട മേഖല പ്രസിഡന്റ് നിഖിൽ, മേഖല വൈസ് പ്രസിഡന്റ് അരീന, ജോയിന്റ് സെക്രട്ടറി ഹെന്ന എന്നിവർ നേതൃത്വം നൽകി.

**ഫാ. മെഫിൻ തെക്കേക്കര**
ഡയറക്ടർ

---

## ലോഗോസ് ക്വിസ് 2020 പഠനഭാഗങ്ങൾ

**2020 ഒക്ടോബർ 4 ഞായർ, 2.00 - 3.30 pm**

**ഓൺലൈൻ രജിസ്ട്രേഷൻ 2020 ആഗസ്റ്റ് 15 വരെ**

**നിയമാവർത്തനം 22-34; പ്രഭാഷകൻ 18-22;**
**മർക്കോസ് 1-8; 1 കൊറിന്തോസ് 1-8**

## Donation For Hrudaya Palliative Care on the Months of May and June 2020

| | |
|---|---|
| Johny Vithayathil, Meladoor | 1,000.00 |
| Biju Antony Chethalan | 10,000.00 |
| Well wisher | 1,000.00 |
| Mary T.J., Kaipamangalam | 500.00 |
| Chazhoor Juri Jewellery, Vellangallur | 1,830.00 |
| Thomas M.P., Vellangallur | 1,000.00 |
| Terry Issac Kanichai | 1,000.00 |
| John Francis Kandamkulathy | 5000.00 |
| Jose Chiriyankandath | 500.00 |
| Roy A.L., Aloor | 200.00 |
| Biju Jose, North Chalakudy | 2,000.00 |
| Thressia Varghese,Vallakunnu. | 750.00 |
| Jacon Chakkery | 1,000.00 |
| Joy K.C., Vallakunnu | 500.00 |
| T.I. Joseph, Thandiakkal, Vallakunnu | 1,000.00 |
| Varghese C.R., Monnumury | 1,000.00 |
| Wilson K.O.,Vallakunnu | 500.00 |
| Jose. K.K., Urakam | 1,000.00 |
| P.C. Thomas | 1,000.00 |
| Arun Raphel, Vallakunnu | 500.00 |
| Mini K.A., Vallakunnu | 250.00 |
| Regi. A.M.,Vallakunnu | 250.00 |
| Jose U.D., Edakulam | 500.00 |
| Well wisher | 50.00 |
| Denson M.K., Anathadam | 1,000.00 |
| George K. Thomas, Vallakunnu | 500.00 |
| Well wisher | 1,000.00 |
| Well wisher | 500.00 |
| Jose M. A., Mechery, Chemmanda | 1,000.00 |
| Annie Francis, Irinjalakuda | 10,000.00 |
| Mathew C.D., Mathilakam | 1,000.00 |
| Stella Jimmy, Mathilakam | 1,000.00 |

| | |
|---|---|
| Mary Kochapu | 1,000.00 |
| Janaki Shankaran | 1,000.00 |
| Treesa Varghese, Avittathur | 1,000.00 |
| CSB Irinjalakuda (Donation Box) | 948.00 |
| Holy Cross Church, Mapranam (Donation Box) | 515.00 |
| Chiramal Super Market (Donation Box) | 74.00 |
| Sunny Silks (Donation Box) | 1,378.00 |
| Vidyajyothi (Donation Box) | 586.00 |
| Vallakunnu Church faith full | 4,250.00 |
| Jacob, Moorkanad | 1,000.00 |
| Well wisher | 10,000.00 |
| Omana Kariyaden, Edayatoor | 500.00 |
| Well wisher | 5,000.00 |
| Jibi Poulose, Chalakudy | 2,500.00 |
| Varghese V. M. Veliyam | 100.00 |
| Ukkens Copra Center And Oil Mill | 1,000.00 |
| Jose, Kallettumkara | 20,000.00 |
| Annama, Alathur | 1,000.00 |
| Donation For Traveller Ambulance | 1,525.00 |
| Panthallookaran Silks, Kodakara | 1,288.00 |
| Varghese Chalamana, Kodaly | 1,000.00 |
| Varghese Chalamana | 1,000.00 |
| Chiramal Super Market, Kodaly | 421.00 |
| Paulson Electronics, Kodaly | 500.00 |
| Titus Kattukayam | 400.00 |
| Baiju Pallippadan | 454.00 |
| Lijo Johns, Maramcode | 3,000.00 |
| Devassykutty, Maramcode | 1,000.00 |
| Mary Poulose, Maramcode | 6,000.00 |
| Surabhi Colour Lab, Chalakudy | 911.00 |
| Well Wisher | 2,000.00 |
| Omana Kariyaden, Edayatoor | 500.00 |
| **Total** | **120180.00** |

**ഫാ. തോമസ് കണ്ണമ്പിള്ളി**
ഡയറക്ടർ

(Page 2)

Soon after the mission visit of six delegates of the Syro-Malabar Church in view of starting a mission in Northeast Fr. Titus Kattuparambil and Fr. Franson Thannadan were send to Agartala to learn the language(kokborok) and culture of proposed mission area on May 27th 2019 by Mar pauly kannookadan the bishop of Irinjalakuda.

On 3rd August 2019 Mar pauly Kannookadan, along with all the priests of the Eparchy of Irinjalakuda celebrated the Holy Qurbana and conducted a special prayer service for the Silchar Mission. Trusting the Word of Lord "I am with you always to the end of the age (MT. (28:20)" Frs.Titus Kattuparambil Jophin Kappil,Franson Thannadan set out on 13th August and reached the Silchar Mission. On the day of the feast of Assumption of Our Lady, 15th August 2019 the first mission house and chapel dedicated to the Most Sacred Heart of Jesus were blessed and solemn Holy Qurbana was presided over by Rev. Msgr. Joy palieakkara, the Vicar General in charge of the Silchar Mission.

**MISSION INAUGURATION IN THE EPARCHY OF IRINJALAKUDA**

Official inauguration of the Silchar Mission took place in connection with the 42nd diocesan day celebrations in Irinjalakuda.Bishop Mar Pauly Kannookadan presided over the meeting and Mar Sebastian Pozholiparambil ,Bishop of the Eparchy of Hosur inaugurated the Mission by unveiling the map of Silchar Mission. Fr. Titus Kattuparambil, Silchar Mission Co-ordinator addressed the gathering and gave a brief description about the mission area.

**OFFICIAL SOLEMN INAUGURATION OF THE MISSION**

On 10 December 2019,Eparchy of Irinjalakuda has entered into a formal contract with the Eparchy of Shamshabad and consequently the Mission was formally inaugurated on 24th January 2020 onthe eve of the feast of the Conversion of St. Paul the Apostle. The inaugural meeting was presided over by Biahop Mar pauly Kannookadan, Bishop Mar Raphael Thattil inaugurated the Silchar Mission. Launching of the Mobile Palliative Care project was done by Mr. Mever Kumar Jamatia the Hon'ble Minister for Tribal Welfare and Forest, Govt. of Tripura. Msgr. Joy palieakkara, Msgr. Hormis CSC, Frs. Joseph Pulinthanam, Robert Mathias, Varghese Arikkatt Felicitated the gathering. Fr. Franson Thannadan presented the report, Fr. Titus Kattuparambil welcomed all and Fr. Jophin Kappil proposed the vote of thanks. Before the meeting

there was a special prayer service led by the catechist John Rupini. There were varieties of entertainments and traditional cultural programs by the local people. Around 300 people participated in function.

**TRANSLATION OF THE SYRO-MALABAR QURBANA TO KOKBOROK**

One of the graceful blessing during this period, was the translation of Syro-Malabar Qurbana text into the tribal language, Kokborok (Twipra) which is the biggest among the many tribal languages found in Tripura.It is for the first time that the Syro-Malabar Qurbana Text is translated into any tribal language ever since it was started its journey. The newly translated Kok Borok Qurbana text was released by Mar George Alenchery, The Major Archbishop of Syro-Malabar Catholic Church, on 10th of January 2020 in the Syro-Malabar Bishops Synod held at Mount St. Thomas, Kakkanad handing over to Archbishop Gian Battista De Quattro, Apostolic Nuncio to India.

Ever since we began the Silchar Syro-Malabar Catholic Mission on 15 August 2019, we have been on the move exploring possibilities, familiarizing ourselves with the local context, learning the language and establishing contacts with people. We have realized that Northeast India presents a unique scenario, one that is quite distinct yet, one that stands to benefit a great deal from possible initiatives that our Church can make. This is true particularly in the field of evangelization , the need for which has overwhelmed us and strengthened our commitment . No doubt the entry of the Syro-Malabar Mission will prove beneficial to the people of the region and the Church itself.

We the missionaries of Silchar Syro-Malabar Catholic Mission express our joy and gratitude for all the benefactors for their support and blessings that you give us to explore possibilities of establishing mission stations in the region. Especially we gratefully remember the parish priests and the parishioners of Meladoor, poovathssery and Nadavaramba . Thank you Rev. Frs. George Palamattam, fr. Jolly Vadakkemulanjanal and fr. Anto Chungath for their collaboration to establish and realise the mission stations.

We also remember Frs.Francis Chirayath, Paul Elemkunnapuzha, Varghese Vazhapilly, James kavalakkatt, Antony Parambath and st. Xavier’s church south Thanissery and other well wishes for their timely valuable contributions

**Fr. Titus Kattuparambil**
Silchar Mission Coordinator




## 2020 മെയ്

| | | |
|---|---|---|
| 25 | 09.45 am | ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ കുട്ടികളുടെ ധ്യാനത്തിന് വി.കുർബ്ബാന അർപ്പിച്ചു. |
| | 06.00 pm | കെ.സി.വൈ.എം. നടത്തിയ ഓൺലൈൻ യുവജനോത്സവത്തിന്റെ സമ്മാനം പ്രഖ്യാപിച്ചു. |
| 26 | 04.00 pm | കേരളസഭ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു |
| 27 | 09.30 am | കുതിരത്തടത്തിൽ പുനഃരധിവാസകേന്ദ്രത്തിനു തറക്കല്ല് ഇടുന്ന ചടങ്ങിൽ പങ്കെടുത്തു. |
| | 05.00 pm | തുറവൻകുന്ന് പള്ളിയിൽ കൊടിമരം വെഞ്ചിരിച്ചു, തിരുന്നാൾ കൊടിയേറ്റം നിർവ്വഹിച്ചു, |
| 30 | 05.00 pm | തുരുത്തിപ്പറമ്പിൽ സി. ആൻസി ജോൺ എഫ്.സി.സി. യുടെ മൃതദേഹ സംസ്കാരത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു |
| 31 | 10.00 am | മതബോധന അദ്ധ്യയനവർഷം രൂപത ഭവനത്തിൽ വി.ബലിയർപ്പിച്ച് ഉദ്ഘാടനം ചെയ്തു. |
| | 2.00 pm | രൂപത ഭവനത്തിൽവച്ച് മേജർ-മൈനർ പട്ടങ്ങൾ നൽകി. |

## 2020 ജൂൺ

| | | |
|---|---|---|
| 01 | 09.00 am | കൊടകര സഹൃദയ അഡ്വാൻസ്ഡ് കോളേജിൽ അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്തു. |
| 05 | 04.00 pm | സെന്റ് ജെയിംസ് ഹോസ്പിറ്റൽ ട്രസ്റ്റിന്റെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| 06 | 03.00 pm | രൂപതാഭവനത്തിൽ ഫൊറോന വികാരിമാരുടെയും ആലോചന സമിതിയുടെയും മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| 07 | 02.00 pm | കല്ലേറ്റുംകര പാക്സിൽ ഫിലോസഫി സെമിനാരി വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു. |
| 08 | 06.00 am | കത്തീഡ്രലിൽ വി.കുർബ്ബാന അർപ്പിച്ചു പ്രാർത്ഥിച്ചു. |
| | 10.00 am | കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യയയുടെ തിരുനാളിനോടനുബന്ധിച്ച് തിരുനാൾ കുർബ്ബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |

| | | | |
|---|---|---|---|
| 09 | 09.00 | am | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽവച്ച് ഈ വർഷം സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ ഇന്റർവ്യൂ നടത്തി. |
| | 06.00 | am | അഷ്ടമിച്ചിറ ജോൺപോൾ ഭവനിൽ വി.ബലിയർപ്പിച്ച് അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്തു. |
| 10 | 12.00 | pm | രൂപതാഭവനത്തിൽ ഫൊറോനാവികാരിമാരുടെയും ആലോചനസമിതിയുടെയും മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| | 02.00 | pm | തുരുത്തിപ്പറമ്പിൽ കളക്ടറുമായി മീറ്റിംഗിൽ പങ്കെടുത്തു. |
| 11 | 03.30 | pm | എറണാകുളം ബസിലിക്ക ദേവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| 14 | 12.00 | pm | ഇരിങ്ങാലക്കുട കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 02.00 | pm | കല്ലേറ്റുംകര പാക്സിൽ ദൈവശാസ്ത്ര വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു സംസാരിച്ചു. |
| 15 | 7.15 | am | കോട്ടാറ്റ് കുഞ്ഞിന് മമോദിസ നൽകി വി.ബലിയർപ്പിച്ചു. |
| | 4.00 | pm | സഹൃദയ ട്രസ്റ്റിന്റെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| 16 | | | സന്ദർശനദിവസം |
| 17 | 05.00 | pm | രൂപതാഭവനത്തിൽവച്ച് നടന്ന രൂപതയുടെ എഡ്യൂക്കേഷൻ കൗൺസിലിൽ പങ്കെടുത്തു. |
| 18 | 10.30 | am | പാലക്കാട് സഹായമെത്രാൻ മാർ പീറ്റർ കൊച്ചുപുരക്കലിന്റെ മെത്രാഭിഷേക കർമ്മങ്ങളിൽ പങ്കെടുത്തു. |
| | 04.00 | pm | സെക്കുലർ സിസ്റ്റേഴ്സ് ഓഫ് ഷേൺസ്റ്റാറ്റ് അംഗം റവ. സി. എലിസബത്തിന്റെ മൃതസംസകാര ശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 06.00 | pm | ആളൂർ തിരുഹൃദയഭവൻ സെമിനാരിയിൽ വി.ബലിയർപ്പിച്ചു, അധ്യായന വർഷം ഉദ്ഘടനം ചെയ്തു. |
| 19 | 11.00 | am | രൂപതാഭവനത്തിൽ ഫൊറോന വികാരിമാരുടെയും ആലോചനസമിതിയുടെയും മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| | 02.30 | pm | രൂപത ഭവനത്തിൽ തിരുഹൃദയ പ്രതിഷ്ഠ പുതുക്കി വെഞ്ചിരിപ്പ് നടത്തി. |
| 20 | 6.00 | am | ഇരിങ്ങാലക്കുട സി.എം.സി. ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ വി.ബലിയർപ്പിച്ചു. |
| | 10.00 | am | ചാലക്കുടി അവാർഡ് ഭവനിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തി വെഞ്ചിരിച്ചു. |
| | 10.30 | am | ചാലക്കുടി അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസിൽ വി.ബലിയർപ്പിച്ചു. |



FIRST TIME IN KERALA

# CEREBRAL PALSY CLINIC

Clinic working Hours

**Every 2nd & 4th Saturday**

**09am to 11am**

Now Available Here..!!!

## Our Team

**Dr.Binoy PS**
(Hand & Micro Surgeon)

**Dr.Sreejith P Krishnan**
(Paediatric Orthopaedic Surgeon)

**Dr.Vimal Vincent**
(Paediatrician & Neonatologist

**Dr.Varghese Antony Pallan**
(Neurologist)

**Ms Nimmy Francis**
(Physiotherapist)

## St. James' Hospital, Chalakudy

Ph : +91 480 2710271,571

Donate **One Rupee** Everyday

Save Life of Kidney Patients through

**Free Dialysis**



ONE RUPEE ONE Life

A ST. JAMES' HOSPITAL RENAL CARE MISSION INITIATIVE

Our Bank Details :

A/c Name : St.James Renal Care Mission

The South Indian Bank Ltd, Chalakudy North Branch

S.B.A/c No.0552053000006498, IFSC : SIBL0000552

Annual Sub. 200/.

# BULLETIN IRINJALAKUDA DIOCESE

Date of Publication : 23.06.2020

RNI Registeration No. KERMAL/2014/60912

Registered Postal Registeration No. KL/IJK/34/2018-2020

Posted at R.M.S. Irinjalakuda






SILCHAR MISSION

Bishop's House, P.B. No.59, Irinjalakuda-680 121

Phone : 0480-2826830, 2826820, 2833560,2833561

2821582(Bp.P)  Fax : 0480-2825050

Website : www.irinjalakudadiocese.com

E-mail-ijkbph@gmail.com



KODUNGALLUR CHURCH

Printed and Published by MSGR. SEBASTIAN MALIEKAL,
on behalf of the Owner MAR PAULY KANNOOKADAN, Bishop of Irinjalakuda Diocese and printed at
ADOLF KOLPING PRESS, IRINJALAKUDA, THRISSUR Dist., KERALA, 680 121 and Published at
BISHOP'S HOUSE, IRINJALAKUDA THRISSUR Dist., KERALA, 680 121, and edited by FR. NEVIN ATTOKARAN.

